സംയുക്തകുടുംബം

വലേരിയൻ പ്ലാത്തോട്ടം



സംതൃപ്തകുടുംബം

ഫാ. വലേരിയൻ പ്ലാത്തോട്ടം സി.എം.ഐ.

DHARMARAM COLLEGE
LIBRARY
BANGALORE-29

10486

JANATHA SERVICES
ERNAKULAM

വിതരണം

ജനത ബുക്ക് സ്റ്റാൾ

തേവര—എറണാകുളം—ആലുവാ

വില 2.00

LIBRARY

Malayalam
SAMTHRUPTHA KUDUMBAM

Author:
Fr. VALERIAN PLATHOTTAM, C. M. I.

Rights Reserved

First Published August, 1977.

Price Rs 2. 00

M/301.42
PLA

Copies 1000

Cover: K. G. Vasu

Printed at
Prathibha Training Centre, Thevara, 682013

Published by
Janatha Services, Thevara, 682013.

Distributors
JANATHA BOOK STALL
Thevara, 682013

പിന്നിട്ട വർഷങ്ങളുടെ ഓർമ്മ

ഫാ. വലേരിയൻ സി.എം.ഐ.

വ്രതവാഗ്ദാനസുവർണ്ണജൂബിലി

സ്മാരകം

1927 – 1977

സമർപ്പണം

ദൈവത്തിൻറെ സ്വരം ശ്രവിക്കുന്നതിനും പിൻചെല്ലുന്നതിനും എന്നെ സജ്ജമാക്കിയ എൻറെ വത്സല മാതാപിതാക്കന്മാർക്ക്, സ്നേഹാദരങ്ങളോടെ ഈ പുസ്തകം ഞാൻ സമർപ്പിക്കുന്നു.

ആമുഖം

സകലമാനപേരും ആഗ്രഹിക്കയും അപേക്ഷിക്കയും പരിശ്രമിക്കയും ചെയ്യുന്നതു് സമാധാനം കൈവരിക്കുന്നതിനാണു്. ധനം, സെക്സു്, അധികാരം എന്നിവകൊണ്ടു സമാധാനം പുന:സ്ഥാപിക്കുന്നതിനു പാർട്ടികളും, രാഷ്ട്രങ്ങളും വ്യർത്ഥാ യത്നിക്കുന്നുണ്ടു്. സമാധാനത്തിനുള്ള അവശ്യഘടകം സ്നേഹമാണു്. സ്നേഹമുള്ളിടത്തു് സമാധാനം ഉണ്ടാകും. സ്നേഹമില്ലാത്തിടത്താകട്ടെ നരകതുല്യമായ അസമാധാനമായിരിക്കും കളിയാടുക.

സമുദായങ്ങളുടെ, രാഷ്ട്രങ്ങളുടെ അടിസ്ഥാനഘടകമായ കുടുംബങ്ങളിലാണു് പ്രഥമത: സമാധാനം കൈവരുത്തേണ്ടതു്. സമ്പത്തും സെക്സും ജീവിതസൗകര്യങ്ങളും മാത്രം ഒരു കുടുംബത്തിനും സമാധാനം നൽകുന്നില്ല. കുടുംബാംഗങ്ങൾ തമ്മിൽ ഹൃദയത്തിന്റെ ഐക്യവും മനസ്സിന്റെ ഐക്യവും ഉണ്ടായാൽ സമാധാനവും സംതൃപ്തിയും ഉണ്ടാകും. യഥാർത്ഥസ്നേഹത്തിൽനിന്നു മാത്രമേ ഐക്യം ഉണ്ടാകയുള്ള. ഐക്യം ത്യാഗം ആവശ്യപ്പെടുന്നു. ഭർത്താവും ഭാര്യയും പുത്രീപുത്രന്മാരും തമ്മിൽ സ്നേഹം പുലർത്തിയാൽ, കുടുംബങ്ങൾ സമാധാനപൂർണ്ണങ്ങളാകും, കുടുംബങ്ങൾ ചേർന്ന രാഷ്ട്രത്തിലും സാർവ്വത്രികമായ സമാധാനം കൈവരും. ഇതിനു് കുടുംബാലയം, വിദ്യാലയം, ദൈവാലയം ഇവ മൂന്നും സജീവ പ്രവർത്തനരംഗങ്ങളാകണം. കുടുംബാലയത്തിൽ ഉത്തമപൗരത്വത്തിനാവശ്യമായ സദ്ഗുണങ്ങളുടെ വിത്തു

കും പാകി വേരു പിടിപ്പിക്കണം. വിദ്യാലയത്തിൽ അവയെ പരിപോഷിപ്പിച്ചു വളർത്തണം. ദൈവാലയത്തിൽ അവ പുഷ്പിച്ച് ഫലമണിയാൻ അവസരം നൽകുകയും വേണം. നമ്മുടെ കുടുംബങ്ങളും സന്മാർഗ്ഗത്തിലും, സത്യത്തിലും, നീതിയിലും, സ്നേഹത്തിലുമായാൽ ഐക്യമുണ്ടാകും, സമാധാനവും ലഭ്യമാകും. ഏവരുടേയും സവിശേഷശ്രദ്ധ ഇവിടേയ്ക്ക് തിരിയേണ്ടിയിരിക്കുന്നു. 'Duty first, Devotion second'. ഇതു് സുഗമമാക്കുന്നതിനു് ഈ ലഘുഗ്രന്ഥം സഹായകമാകുമെന്നു് ആശിക്കയാണു്.

ഫാ. വലേരിയൻ പ്ലാത്തോട്ടം
സി.എം.ഐ.

വധൂവരന്മാർ

വൈവാഹിക ജീവിതത്തിന്റെ ആരംഭകാലങ്ങളിൽ വധൂവരന്മാർ പരസ്പരം വീരോചിത സുകൃതങ്ങൾ ദർശിക്കയും, പരസ്പരം അഭിമാനം കൊള്ളുകയും, സംതൃപതി അടയുകയും ചെയ്യുക സാധാരണമാണ്. സദ്ഗുണങ്ങൾ ദർശിക്കുന്നതിനും പ്രകീർത്തിക്കുന്നതിനുമാണ് ഇരുവരും ശ്രദ്ധപതിക്കുക. ഈ സ്ഥിതിവിശേഷം പലമാസങ്ങളും, ചിലപ്പോൾ കൊല്ലങ്ങൾതന്നെയും തുടർന്നുകൊണ്ടിരിക്കും. കുടുംബജീവിതം മുന്നോട്ടുനീങ്ങുംതോറും, നിർഭാഗ്യമെന്ന് പറയട്ടെ, ഇരുവരിലും ഒളിഞ്ഞുകിടന്നിരുന്ന ദുർഗുണങ്ങൾ അവയുടെ തലകുനയർത്താൽ തുടങ്ങുന്നതായികാണാം. സമാധാനവും സംതൃപ്തിയും മുറ്റിനിൽക്കുന്ന കുടുംബാന്തരീക്ഷത്തെ ഈ സ്ഥിതിവിശേഷം കലക്കിമറിക്കാതിരിക്കയില്ല. 'മധുവിധു' അതിവേഗം കടന്നുപോകുന്നു. പങ്കാളിയിൽ പ്രതീക്ഷിച്ചിരുന്ന സദ്ഗുണങ്ങൾ, ഉണ്ടെന്ന് കരുതിയിരുന്ന സ്വഭാവവിശേഷതകൾ, ഉണ്ടായിരിക്കണമെന്ന് പ്രതീക്ഷിച്ചിരുന്ന ഗുണങ്ങൾ, നന്മകൾ ഇവയെല്ലാം വായുവിൽ ലയിച്ചുപോയതു പോലെ അനുഭവപ്പെടാം. ഇരുവരിലും ദുർഗുണങ്ങൾ ക്രമേണ ദൃശ്യമായിത്തുടങ്ങുന്നു, തെറ്റിദ്ധാരണകൾ ആവിർഭവിക്കുന്നു.

സ്വർഗ്ഗതുല്യം സ്നേഹത്തിന്റെയും സമാധാനത്തിന്റെയും സംതൃപ്തിയുടെയും കേദാരമായിരിക്കേണ്ട കുടുംബം പലപ്പോഴും, ശുദ്ധീകരണത്തിന്റെയോ, നരകത്തിന്റെതന്നെയോ, പ്രതീകമായിമാറുന്നില്ലേ? പലകുടുംബങ്ങളും സ്വർഗ്ഗത്തിന്റെ

പ്രതീകങ്ങളായികാണപ്പെടുന്നുണ്ടെന്നുള്ളത് സന്തോഷകരമാണ്. അവ ലോകത്തിൽ പരുദീസായുടെ അനുഭവം പ്രദാനം ചെയ്യുന്നുമുണ്ട്.

ഭാര്യാഭർത്താക്കന്മാർ മനസ്സിലും ഹൃദയത്തിലും ചേർച്ചയില്ലാതെ ഒരുമിച്ച് ഒരേഭവനത്തിൽ കഴിഞ്ഞുകൂടുന്ന അവസ്ഥ നരകത്തിന് തുല്യമാണ്. മനസ്സിനു ചേർച്ചയുണ്ടെങ്കിലും ഹൃദയൈക്യമില്ലാതെ വന്നാൽ അത് ശുദ്ധീകരസ്ഥലത്തിന്റെ പ്രതീതി ഉളവാക്കും. പരസ്പരസ്നേഹം, വിശ്വസ്തത, ഏകഹൃദയം, ഏകമനസ്സ് എന്നിവയോടുകൂടി ജീവിക്കുമ്പോൾ സ്വർഗ്ഗഭാഗ്യത്തിന്റെ പ്രതീതിയാണ് ഉളവാകുക.

ഏതൊരുജീവിതസ്ഥിതിയിലായിരുന്നാലും എത്ര ഉന്നതമായ സ്ഥാനവും, ഉദ്യോഗവും ഉണ്ടായിരുന്നാലും, ലോകത്തിൽ ജീവിക്കുന്നിടത്തോളം കാലം ഒരുതരത്തിൽ അല്ലെങ്കിൽ മറെറാരുതരത്തിൽ, ബുദ്ധിമുട്ടുകളും പ്രയാസങ്ങളും, ശാരീരികമായും മാനസികമായും എല്ലാവർക്കും ഉണ്ടാകുമെന്നതു തീർച്ചയാണ്. ബഹുവിധ വിഷമതകളാൽ ധാരാളമായി അനുഭവപ്പെടാതിരിക്കുകയില്ല. നൂറുവീപ്പ വിനാഗരികൊണ്ടെന്നതിനെക്കാളും എളുപ്പത്തിൽ ഒരു തവി തേൻകൊണ്ട് വളരെയേറെ ഈച്ചകളെ പിടിക്കാമെന്ന് വി. സാലസ് പറയുന്നു, അല്പം ശാന്തതയും, ക്ഷമയും, അനുകമ്പയും, വിട്ടുവീഴ്ചയും അനുവേക്കയാണെങ്കിൽ കുടുംബജീവിതത്തിലെ പ്രയാസങ്ങളും എളുപ്പത്തിൽ തരണം ചെയ്യുന്നതിനും, സ്നേഹത്തിലുള്ള ഐക്യം നിലനിറുത്തി പാലിക്കുന്നതിനും സാധിക്കും.

'സഹിക്കുക, ക്ഷമിക്കുക,' ഈ ഉൽകൃഷ്ടമായ മാർഗ്ഗം ജീവിതത്തിൽ പകർത്തിയാൽ സൗഭാഗ്യകരവും, സംതൃപ്തവുമായ കുടുംബജീവിതം നയിക്കാൻ കഴിയുമെന്നതിൽ സന്ദേഹമില്ല. ദാമ്പത്യപങ്കാളിയിൽ പോരായ്മകളോ അഥവാ തെറ്റുകളോ പ്രത്യ

ക്ഷപ്പെടുകയോ, തെറ്റിദ്ധാരണകൾ ആവിർഭവിക്കയോ ചെയ്യുമ്പോൾ, സഹിക്കയും, ക്ഷമിക്കയും ചെയ്യുന്നതുവഴി സഖിയോടുള്ള നിഷ്ക്കളങ്കസ്നേഹം പ്രകടിപ്പിക്കുന്നതിന് സന്ദർഭമുളവാക്കുന്നു. ഇത് സമാധാനവും സംതൃപ്തിയും ക്ഷേമവും കൈവരുത്തും. മാത്രമല്ല, തെറ്റുകളും കുറ്റങ്ങളും പരസ്പരം നിയന്ത്രിക്കുന്നതിനും, ജയിക്കുന്നതിനും ഈ മാർഗ്ഗം സഹായകമായിരിക്കുകയും ചെയ്യും.

പരസ്പരം കുറ്റപ്പെടുത്തുക, ശാസിക്കുക, കുറ്റം പറയുകഎന്നുള്ള സ്വഭാവം വധൂവരന്മാർ പരിവർജ്ജിക്കണം. സഖിയുടെ കുറ്റങ്ങളും കുറവുകളും, സമയത്തും അസമയത്തും, സ്ഥാനത്തും അസ്ഥാനത്തും തുടർച്ചയായി പറയുക, വിനാശകരവും കുടുംബത്തിലെ ആനന്ദം നശിപ്പിക്കുന്നതുമാണ്. തെറ്റുകളും കുറ്റങ്ങളും എപ്പോഴും കേട്ടുകൊണ്ടിരിക്കാൻ ആരാണ് ഇഷ്ടപ്പെടുക? ഈ ചീത്ത തഴക്കത്തിൽനിന്ന് പിൻമാറേണ്ടതാവശ്യമാണ്. തെറ്റുകൾ ചൂണ്ടികാണിക്കുന്നത് രഹസ്യത്തിലും മറ്റുള്ളവരുടെ അസാന്നിദ്ധ്യത്തിലും സൗമ്യമായിട്ടായിരിക്കണം. കുട്ടികളുടെ സാന്നിദ്ധ്യത്തിൽപോലും ഈക്കാര്യത്തിനു ശ്രമിക്കരുത്.

ജീവിതപങ്കാളിയുടെ കുടുംബാംഗങ്ങളോടും, ബന്ധുക്കളോടും, സ്നേഹിതരോടും സ്നേഹാദരങ്ങൾ പ്രകടിപ്പിക്കുന്നതിനു ഭാര്യാഭർത്താക്കന്മാർ ശ്രദ്ധാലുക്കളാകണം. പരസ്പരസ്നേഹവും ആദരവും അനുകമ്പയും, ഇതിനാവശ്യമാണ്. ദാമ്പത്യജീവിതവിഷമതകളെപ്പറ്റി കാണുന്നവരോടെല്ലാം ദമ്പതികൾ പറഞ്ഞുനടക്കരുത്. കുടുംബരഹസ്യങ്ങൾ മറ്റാരും അറിയാൻ അവർ അവസരം നൽകികൂടാ. മറിച്ചു പ്രവർത്തിക്കുന്നതുവഴി വളരെ അധികം വിഷമതകളും, അയൽക്കാരുടെ പരിഹാസവും ക്ഷണിച്ചു വരുത്തുന്ന അനുഭവങ്ങൾ കുറച്ചൊന്നുമല്ല. ആലോചന ആവശ്യ

മാകുമ്പോഴും, വിവേകവും, പുണ്യവും പരിചയവുമുള്ള ഒരു വൈദികനെ സമീപിക്കുന്നത് ഉപകാരപ്രദമായിരിക്കും. യഥാർത്ഥസ്നേഹം പരസ്പരബഹുമാനാദരങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നത്. അത് ക്ഷണികമോ, ചപലമോ, ആകാതെ കുടുംബജീവിതത്തിന്റെ ദൈർഘ്യത്തിനനുസരിച്ച് വർദ്ധിച്ചു കൊണ്ടിരിക്കും. ഭർത്താവ് ഭാര്യയെപ്പറ്റിയും ഭാര്യഭർത്താവിനെപ്പറ്റിയും അഭിമാനത്തിൽ വളരുകയും എവിടെവച്ചും പരസ്പരം ആദരിക്കുകയും വേണം.

സന്തോഷത്തിലും സന്താപത്തിലും ഒരുപോലെ ഭാഗഭാഗിത്വം, നിഷ്ക്കളങ്കസ്നേഹത്തിനുണ്ടായിരിക്കും. അതിന് സ്വാർത്ഥതയോ, രഹസ്യമോ ഉണ്ടാകയില്ല. പൂർണ്ണമായ പരസ്പരവിശ്വാസം ഉണ്ടായാൽ മാത്രമെ ദമ്പതികൾക്ക് ഉത്തമസ്നേഹിതരായിരിക്കാൻ സാധിക്കയുള്ളു. സ്വന്തം എന്നപോലെ അവർ സന്തോഷവും സന്താപവും പരസ്പരം സ്വീകരിക്കാൻ തയ്യാറായിരിക്കും. അവർ അനുദിനം ഏതാനും സമയം പരസ്പരം ഹൃദയം തുറന്ന് സംസാരിക്കയും, രഹസ്യങ്ങൾ മറച്ചുവയ്ക്കാതിരിക്കാൻ ശ്രദ്ധിക്കയും ചെയ്യുന്നത് സഹായകമായിരിക്കും. അവർ പരസ്പരം നേരിട്ട് അറിവുനൽകുമ്പോൾ തങ്ങളെപ്പറ്റിയുള്ള കേട്ടുകേൾവിയോ, അവയുടെ ഉത്ഭവത്തെയോ സംബന്ധിച്ച് ആശങ്കയ്ക്കു സ്ഥാനം ഉണ്ടാകയില്ല. ഭാര്യ അറിയേണ്ട കാര്യങ്ങൾ ഭർത്താവ് അറിയിക്കാതിരിക്കുമ്പോൾ, മറ്റു മാർഗ്ഗങ്ങളിൽ കൂടി അവൾ അറിയുവാൻ പരിശ്രമിക്കുന്നതിൽ അദ്ഭുതത്തിന് വകയില്ല. പ്രസ്തുത അറിവ് പലപ്പോഴും ശരിയായിരിക്കയില്ലെന്ന് മാത്രമല്ല, തെറ്റായധാരണക്ക്. കാരണവുമായിത്തീർന്നെന്നും വരാം.

കുട്ടികളെ സ്ക്കൂളിൽ അയക്കുന്നതിനു മുമ്പുള്ള വിദ്യാഭ്യാസം പൂർണ്ണമായും മാതാപിതാക്കളിൽ ആണ് സ്ഥിതിചെയ്യുന്നത്. സ്ക്കൂളിൽ കുട്ടിക

KAL JEEVASSKEM
10486

ളെ അയയ്ക്കുമ്പോഴും, ഭാഗികമായ ഉത്തരവാദിത്വമേ അദ്ധ്യാപകരിലേയ്ക്ക് പകരുന്നുള്ളു. കുട്ടികളുടെ ബൗദ്ധികവും, ധാർമ്മികവും, സാന്മാർഗികവുമായ പരിശീലനത്തിന് മാതാവും പിതാവും തുടർന്നു പ്രവർത്തിച്ചുകൊണ്ടിരിക്കണം. മാതാപിതാക്കന്മാർ നിർമ്മിക്കുന്ന അടിസ്ഥാനത്തിന്മേലാണ് അദ്ധ്യാപകർ പണിതുടരേണ്ടത്. ആകയാൽ മാതാവിന്റെയും പിതാവിന്റെയും പരിപൂർണ്ണ സഹകരണം അദ്ധ്യാപകർക്ക് ലഭ്യമാകണം. അവർ അദ്ധ്യാപകരുടെ അധികാരത്തെ ചോദ്യംചെയ്യുന്നതെല്ലാം പരിവർജ്ജിക്കേണ്ടതാണ്. സ്ക്കൂളിലെ നിയമങ്ങളും സ്ക്കൂൾ അധികൃതരുടെ തീരുമാനങ്ങളും ആദരിക്കുന്നതിനും അവയോടു സഹകരിക്കുന്നതിനും മാതാപിതാക്കന്മാർ ജാഗരൂകരായിരിക്കണം. ഇതിൽനിന്നുള്ള വ്യതിചലനം കുട്ടികളുടെ വിദ്ധ്വിത്തങ്ങളെ പ്രോത്സാഹിപ്പിക്കയും, വിനാശത്തിലേക്ക് നയിക്കുകയും ചെയ്യും.

അദ്ധ്യാപകർക്കെതിരായുള്ള കുട്ടികളുടെ ആരോപണങ്ങളും കെട്ടുകഥകളും മാതാപിതാക്കൾ വിവേകത്തോടുകൂടിയെ ശ്രവിക്കാവൂ. അദ്ധ്യാപകർക്കും, സ്ക്കൂൾ അധികൃതർക്കും എതിരായിട്ടു കൊണ്ടുവരുന്ന ആരോപണങ്ങൾ അവർ പ്രഥമ ദൃഷ്ട്യാ ആദരിക്കുന്നതായി കുട്ടികൾക്ക് തോന്നാൻപോലും ഇടനല്കരുത്. സ്ക്കൂളിൽ കുട്ടികൾക്കു നൽകുന്ന ശിക്ഷകൾ സാമാന്യമായി അവർ അർഹിക്കുന്നതാണെണ് കരുതുന്നതാണുത്തമം. ശ്രവിക്കാതെ ഒരുവനേയും വിധിക്കരുത്. കുട്ടികളുടെ വാക്കുകേട്ട് അദ്ധ്യാപകനെ വിധിക്കുന്നതു വിദ്ധ്വിത്തമാകും.

അദ്ധ്യാപകൻ അനീതിയായിട്ട് ശിക്ഷിച്ചെന്നു ആവലാതിയുമായി കുട്ടികൾ വരുമ്പോൾ, ശ്രദ്ധയോടും, ക്ഷമയോടുംകൂടി മാതാപിതാക്കൾ അതുശ്രവിക്കയും തന്ത്രപരമായ ചോദ്യങ്ങൾകൊണ്ട് യാഥാർത്ഥ്യം ഗ്രഹിക്കാൻ ശ്രമിക്കയും വേണം. കോ

പത്തിനും ക്ഷോഭത്തിനും വശംവദരാകാതെയാണ് അവർ എതിർഭാഗം വീക്ഷിക്കേണ്ടത്. കുട്ടിയുടെ കോപവും സങ്കടവും ശമിച്ച് നിദ്രയും കഴിഞ്ഞ് ഒരിക്കൽക്കൂടെ പ്രസ്തുത ആവലാതിയെപ്പറ്റി ചോദിച്ചറിയുന്നത് നന്നായിരിക്കും. ശാന്തമായ അന്തരീക്ഷത്തിൽ, കടകവിരുദ്ധമായ സംഗതികളും കുട്ടി വെളിപ്പെടുത്തിയെന്നുവരാം. തൽഫലമായി ആവലാതിയുടെ സത്യാവസ്ഥ മാതാപിതാക്കന്മാർക്ക് ഗ്രഹിക്കാൻ കഴിയും. ലോകത്തിൽ ആർക്കും തെറ്റുപറ്റാമെന്ന വസ്തുത അവർ കുട്ടികളെ ധരിപ്പിക്കണം മറക്കരുത്. അനീതിയായിട്ടാണ് കുട്ടി ശിക്ഷിക്കപ്പെട്ടതെന്നാലും, അധികാരവിദ്വേഷത്തമല്ലാതെ, അധികാരവിദ്വേഷം അവർ ഒരിക്കലും പ്രകടമാക്കിക്കൂടാ. അധികാരികളെ സമീപിച്ച് പരിഹാരം കാണാൻ ശ്രമിക്കുന്നതാണു സ്വീകാര്യമായ മാർഗ്ഗം.

പഠനം സംബന്ധിച്ചും കുട്ടികളുടെ മേൽ മാതാപിതാക്കന്മാർക്കു പൊതുവായ മേൽനോട്ടവും ശ്രദ്ധയും ആവശ്യമാണ്, പ്രത്യേകിച്ചും പ്രൈമറി ക്ലാസുകളിൽ, ഇക്കാലയളവിൽ പഠനത്തിൽ അശ്രദ്ധയുണ്ടാകാൻ പാടുണ്ട്. പാഠ്യവിഷയങ്ങളുടെ ചുരുക്കം ചോദിക്കുന്നതും മറ്റും, കൂടുതൽ ശ്രദ്ധ കുട്ടികളിൽ ഉളവാക്കാൻ പര്യാപ്തമാണ്.

സ്വന്തം കുട്ടികളും ഏറ്റം നല്ലവരാണെന്നുള്ള ഒരു സങ്കല്പമാണ്, മാതാപിതാക്കന്മാരിൽ സാമാന്യമായി കാണുന്ന ന്യൂനത. ഏതെങ്കിലും കുറ്റാരോപണം ഉണ്ടായാൽ, അത് സ്വന്തം കുട്ടിയിൽ ആയിരിക്കയില്ല. മറ്റുള്ളവരിലെ ആകാൻ സാധ്യതയുള്ളുഎന്നാണ് പല മാതാപിതാക്കന്മാരുടെയും സങ്കല്പം. മാത്രമല്ല തിന്മ പ്രവർത്തിക്കാൻ തങ്ങളുടെ കുട്ടി അപ്രാപ്തനാണന്നും, അങ്ങനെയല്ല വളർത്തുന്നതെന്നും മറ്റും ശഠിക്കുന്ന മാതാപിതാക്കന്മാരും കുറവല്ല. സ്വന്തപ്പെട്ടവരിൽ എല്ലാം നന്നായിട്ട് ദർശിക്കയും മറ്റുള്ളവരിൽ

കുറ്റങ്ങളും കുറവുകളും മാത്രം വീക്ഷിക്കയും ചെയ്യുന്നവരിൽനിന്ന് മറ്റെന്താണ് പ്രതീക്ഷിക്കുക? സ്വന്തം മകനോ മകളോ തെറ്റിലുംപ്പെടുകയില്ലെന്ന് കരുതിയിരുന്ന മാതാപിതാക്കന്മാർ, കുട്ടികളിൽ രൂഢമൂലമായിക്കഴിഞ്ഞ ദുർഗുണങ്ങളം കണ്ട് അന്ധാളിക്കുന്നില്ലെ? സമയം കഴിഞ്ഞ് ദു:ഖിച്ചിട്ടു എന്തു ഫലം?

ചെറുപ്പം മുതൽ കുട്ടികളെ ദൈവവിശ്വാസത്തിലും, പരസ്നേഹത്തിലും, നീതിബോധത്തിലും. സത്യസന്ധതയിലും, ദീനാനുകമ്പയിലും, വളർത്തുന്നതിന് ഉപദേശവും, മാതൃകയും മാതാപിതാക്കന്മാർ നൽകണം. ഗൗരവപൂർണ്ണമായ ഈ കടമയെക്കുറിച്ച് മാതാപിതാക്കന്മാർ ബോധമുള്ളവരായിരിക്കേണ്ടതാണ്. സമയവും പണവും മറ്റു കാര്യങ്ങൾക്കായി ചെലവഴിക്കയും മക്കളെ നന്നായി വളർത്താനുള്ള ചുമതല അവഗണിക്കയും ചെയ്യുന്നതു അത്യന്തം നിർഭാഗ്യകരമെന്നേ പറയേണ്ടൂ. സർവപ്രധാനമായ ഈ കടമ അവർ നിസ്സാരമാക്കി തള്ളിക്കളയുന്നത് നിന്ദനീയമത്രെ.

കുട്ടികളെ വളർത്തുന്നതിൽ ശിക്ഷണവും തിരുത്തലും ഒഴിച്ചുകൂടാൻ പാടില്ലാത്തതാണ്. കുറ്റത്തിന്റെ ഗൗരവം പരിഗണിക്കാതെ കൂടുതലായ ശിക്ഷ ഒരിക്കലും നൽകരുത്. വികാരങ്ങൾക്ക് വിധേയരായ കുട്ടികളെ ശിക്ഷിക്കുന്നതും പരിവർജ്ജിക്കണം. ശാന്തതയോടും, സ്നേഹത്തോടും കൂടി കുറ്റം ബോധ്യപ്പെടുത്തിയശേഷം ശിക്ഷ നൽകുന്നതിനാണ് ശ്രദ്ധിക്കേണ്ടത്. ശൈശവത്തിലെ ശിക്ഷണം, സാമാന്യം മാതാവു നിർവഹിക്കണം. അതിൽ പിതാവ് ഇടപെടരുത്. അങ്ങനെ ഇടപെട്ട് കുട്ടിക്കു പിതാവ് അഭയം നൽകിയാൽ മാതാവിന്റെ അധികാരം നിഷ്പ്രഭമാകും. അപ്രകാരംതന്നെ പിതാവ് ശിക്ഷിക്കയോ ശാസിക്കയോ ചെയ്യുമ്പോൾ മാതാവ് ഇടപെട്ട് കുട്ടിക്ക് അഭയം നൽകിക്കൂടാ. ശിക്ഷ കഴിഞ്ഞുടൻതന്നെ കുട്ടിയെ ഓമനിക്കുന്നതും ശിക്ഷയുടെ ഫലം

നഷ്ടപ്പെടുത്തും. മാതാപിതാക്കന്മാർ, കുട്ടികളെ ശാസിക്കുന്നതിനും ശിക്ഷിക്കുന്നതിനും മാത്രം ഉത്തരവാദിത്വമുള്ളവരായിരുന്നാൽ പോരാ, അവരിലുള്ള സദ്ഗുണങ്ങളെ പ്രശംസിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംകൂടി പ്രത്യേകം ഉത്സുകരായിരിക്കേണ്ടതാണ്. ശിക്ഷണവും നല്ല മാതൃകയും മാതാപിതാക്കൾ കുട്ടികൾക്കു നൽകിയിരുന്നെങ്കിൽ ഭാവി എത്ര ശോഭനമാകുമായിരുന്നു! പുതിയ തലമുറയിൽ കാണുന്ന പാളിച്ചകൾക്കു പഴയ തലമുറയിൽ പെട്ടവർ ഒരു പരിധിവരെയെങ്കിലും ഉത്തരവാദികളല്ലെന്നു പറയാൻ കഴിയുമോ?

കുടുംബങ്ങളിൽ സമാധാനവും സംതൃപ്തിയും ഐശ്വര്യവും ഉണ്ടാകുന്നതിന് ഈശ്വരവിശ്വാസവും, ദൈവപരിപാലനയിലുള്ള പൂർണ്ണബോധ്യവും ഉണ്ടായേ തീരൂ. ഇതിനു സഹായകമാണ് കുടുംബപ്രാർത്ഥന. കുടുംബാംഗങ്ങൾ ഒരുമിച്ച് ജപമാല ഭക്തിയോടെ ജപിക്കയും, വേദപുസ്തകം ഏതാനും മിനിറ്റ് ധ്യാനനിരതരായി വായിക്കയും ചെയ്യുന്നത്, മാതാപിതാക്കന്മാരുടെ നല്ല മാതൃക കുട്ടികളിൽ രൂഢമൂലമാക്കുന്നതിനും വിദൂര ഭാവിഫലങ്ങൾ ഉളവാക്കുന്നതിനും പര്യാപ്തമാണ്. പ്രാർത്ഥനകളും മറ്റു ഭക്താഭ്യാസങ്ങളും അമിതമായി ദീർഘിപ്പിച്ച് യുവതലമുറയിൽ വിരസത ജനിപ്പിക്കാതിരിക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുന്നതു നന്നായിരിക്കും.

മാതാപിതാക്കന്മാർ മക്കളിൽ ചിലരോട് കാണിക്കുന്ന പ്രത്യേക സ്നേഹവും പക്ഷപാതവും മറ്റുള്ളവരിൽ അസൂയ വളർത്തുക സാധാരണമാണ്. പ്രത്യേകത ഒന്നും ആരോടും പ്രത്യക്ഷപ്പെടുത്താതിരിക്കാൻ കരുതൽ ഉണ്ടാകണം. പ്രത്യേകത എന്തെങ്കിലും ആവശ്യമെങ്കിൽ അതിനുള്ള കാരണംകൂടി മറ്റുള്ളവരെ ബോധ്യപ്പെടുത്തിയാൽ എല്ലാവർക്കും സമാധാനമുണ്ടാകും. പ്രത്യേക ഗുണങ്ങളോ, കഴിവുകളോ ആണെ

ങ്കിൽ അനുകരിക്കുന്നതിനും, അവശതകളോ, രോഗ
മോ ആണെങ്കിൽ അനുകമ്പ അങ്കുരിപ്പിക്കുന്നതിനും
ഈ നയം സഹായകമാകുമെന്നതിൽ സംശയിപ്പാനില്ല.
പൂർവ യൗസേപ്പിനെ സഹോദരന്മാർ വെറുക്കുകയും
പീഡിപ്പിക്കുകയും ചെയ്തതിന്റെ പ്രധാന കാരണം
പിതാവായ യാക്കോബ് മറ്റുള്ളവരെ അവഗണിച്ചു
കൊണ്ട് യൗസേപ്പിന് നൽകിയ പ്രത്യേക സ്നേഹ
വാത്സല്യങ്ങളാണെന്ന വസ്തുത സ്മരണീയമാണ്.
സമാധാനവും ഐക്യവും മക്കളിൽ പരിപോഷിപ്പിക്ക
ണമെങ്കിൽ, മാതാപിതാക്കന്മാർ പക്ഷപാതവും തരം
തിരിവും, പ്രത്യേകപരിഗണനകളും ഒഴിവാക്കാൻ ശ്ര
ദ്ധിക്കണം. കുട്ടികളെ വളർത്തുന്ന രീതിയിൽനിന്ന്
മാതാപിതാക്കളെ മനസ്സിലാക്കാൻ കഴിയും.

മക്കളെ വളർത്തുന്നതിൽ അശ്രദ്ധരായ മാതാപി
താക്കളുടെ സന്താനങ്ങൾ പൊതുവിൽ നല്ലവരായിക്കാ
ണപ്പെടാറില്ല. നേരെമറിച്ച് അവരെ വളർത്തുന്നതിൽ
ശ്രദ്ധാലുക്കളായ മാതാപിതാക്കളുടെ സന്തതികൾ അ
വർക്കു മാത്രമല്ല, മറ്റുള്ളവർക്കു കൂടിയും ആനന്ദവും
ആശ്വാസവും പ്രദാനംചെയ്യുന്നവരായിട്ടാണ് കണ്ടുവ
രാറുള്ളത്.

ഉത്തരവാദിത്വ ബോധത്തോടുകൂടിയ പിതൃത്വ
വും മാതൃത്വവുമാണ് വധൂവരന്മാർ വിവാഹത്തിൽ
സ്വീകരിക്കുന്നത്. ഇതിനെക്കുറിച്ചു ഈ ചിന്തയി
ല്ലാത്തവർ വൈവാഹിക ജീവിതം സംബന്ധിച്ചു വി
നാശകരമായ ആശയങ്ങൾ സ്വീകരിക്കയും കുടുംബ
ജീവിതത്തിന്റെ പവിത്രതയും മാഹാത്മ്യവും ശി
ഥിലമാക്കുകയും ചെയ്യുന്നു. ആധുനിക ലോകത്തി
ലെ നിർഭാഗ്യകരമായ ഒരു ദുരവസ്ഥയായി മാത്രമേ
ഇതിനെ പരിഗണിക്കാൻ കഴിയൂ.

വിവാഹജീവിതത്തിന്റെ ലക്ഷ്യത്തെതന്നെ ശി
ഥിലീകരിക്കുന്ന പല മാർഗങ്ങളും ഇന്ന് ഉന്നതസ്ഥാ
നത്തിരിക്കുന്ന പലരും സ്വീകരിക്കയും പ്രചരിപ്പിക്ക

യും ചെയ്തുപോരുന്നു, അതും മഹാത്മാവായ ഗാ
ന്ധിജിയുടെ നാട്ടിൽ. വിവാഹജീവിതത്തിന്റെ പ
വിത്രതയും ശുദ്ധതയും മാഹാത്മ്യവും ഭാരതീയരെ
പ്രത്യേകിച്ചും, യുവതലമുറയെ ബോധ്യപ്പെടുത്തുന്ന
തിന് ഗാന്ധിജി ചെയ്ത പരിശ്രമം അറിയാത്തവർ
ഭാരതത്തിൽ ഉണ്ടാകയില്ല. ക്രിസ്തുവിന്റെ പഠനം
പിൻചെന്നുകൊണ്ട് കത്തോലിക്കാസഭ, വിവാഹത്തി
ന്റെ പവിത്രതയും പരിശുദ്ധിയും കാത്തുസൂ
ക്ഷിക്കുന്നതിന് സകല കഴിവുകളും വിനിയോഗി
ക്കുന്നുണ്ട്. സംജാത ശിശുവിന്റെ ജീവനെ സംര
ക്ഷിക്കുന്നതിനും സഭ നിരന്തരം പരിശ്രമിച്ചുകൊ
ണ്ടാണിരിക്കുന്നത്.

സംജാത ശിശുവിന്റെ ജീവനെ ഹനിക്കുന്നത്
ഭയങ്കരമായ കൊലപാതകമത്രെ. സംജാത ശിശുവിനെ
വധിക്കുന്നതിന് തുനിയുന്ന മാതാവിന്റെയും പിതാ
വിന്റെയും ദുഷ്ടത ഊഹാതീതമാണ്. അനന്തരഫല
മൊ നാരകീയം.

വിവാഹജീവിതത്തിൽ അനിയന്ത്രിതമായ സ്വാത
ന്ത്രമുണ്ടെന്ന് ആരും ധരിക്കരുത്. വിവാഹത്തിന്
പുറമെ അനുവദനീയമല്ലാത്ത പലതും വിവാഹിതർ
ക്ക് അനുവദനീയവും ആവശ്യവുമാണെന്നുള്ളത് ശ
രിയാണ്. എങ്കിലും ബുദ്ധിയുള്ള സൃഷ്ടി എന്ന
നിലയിൽ അവർ നിയന്ത്രണവും ക്രമീകരണവും പാ
ലിക്കേണ്ടതുണ്ട്. താഴെ പറയുന്ന നിർദ്ദേശങ്ങൾ ദമ്പ
തിമാർക്കു ഉപകാരപ്രദമായിരിക്കും:

1) കുടുംബജീവിതത്തിൽ പരസ്പരസ്നേഹ
വും ഐക്യവും നിലനിർത്തുന്നതിനും പരിപോഷി
പ്പിക്കുന്നതിനും സഹായകമായവ നിയമാനുസൃതവും
അനുവദനീയവും ആയിരിക്കും.

2) വിവാഹത്തിന്റെ വിവിധങ്ങളായ ഉദ്ദേശ്യ
ങ്ങളെ പ്രത്യക്ഷമായോ പരോക്ഷമായോ വിഫലമാ
ക്കുന്നവ നിഷിദ്ധമായിരിക്കും.

3) വിവാഹജീവിതത്തിൽ സംശയങ്ങളോ മനപ്രയാസങ്ങളോ ഉണ്ടായാൽ പക്വതയും വിവേകവും വിശുദ്ധിയുമുള്ള ഒരു വൈദികനെ സമീപിക്കയായിരിക്കും ഉത്തമം. ദൈവവിശ്വാസവും പക്വതയുമുള്ള വനിതകൾക്കും സഹായിക്കാൻ സാധിക്കും.

4) കുടുംബ ജീവിതത്തിൽ യഥാർത്ഥമായ സംതൃപ്തിയും ആനന്ദവും അനുഭവപ്പെടണമെങ്കിൽ നിഷ്ക്കളങ്കമായ മനസ്സാക്ഷി ഉണ്ടായിരിക്കണം.

ആധുനികങ്ങളായ ആശയവിനിമയോപാധികളിൽവെച്ച് നന്മയ്ക്കും തിന്മയ്ക്കും ഒരുപോലെ ഉപകരിപ്പിക്കാവുന്ന ശക്തിയേറിയ ഒരുപകരണമാണ് സിനിമാ. വിവേചനം കൂടാതെ സിനിമാശാലകളിൽ ഇന്ന് ജനം തടിച്ചുകൂടുകയാണ്, പ്രത്യേകിച്ചും യുവതീയുവാക്കന്മാരും ബാലികാബാലന്മാരും. പലസിനിമാപടങ്ങളും വിവാഹിതരെ സംബന്ധിച്ചിടത്തോളം നിർദ്ദോഷങ്ങളാണെങ്കിലും അവ അവിവാഹിതരിലും കുട്ടികളിലും വളരെയേറെ തിന്മ ഉളവാക്കിയേക്കാവുന്നതാണ്. യുവതീയുവാക്കൾ തിന്മപഠിക്കുന്നതും കുട്ടികൾപോലും ദുർവൃത്തരായിത്തീരുന്നതും അശ്ലീല സിനിമകളും, നോവലുകളും വഴിയാണെന്നവസ്തുത വിസ്മരിച്ചുകൂടാ. വിജ്ഞാനപ്രദങ്ങളായ ധാരാളം പടങ്ങളുണ്ടെങ്കിലും അശ്ലീല ചിത്രങ്ങളാണ് കൂടുതൽ പ്രേക്ഷകരെ ആകർഷിക്കുന്നത്.

ചിന്താശകലം

1) ഭർത്താവിൽ വിജ്ഞാനവും ഭാര്യയിൽ സൗമ്യതയും.

2) വധൂവരന്മാരുടെ രണ്ടുകണ്ണും വിവാഹത്തിനുമമ്പ് തുറന്നിരിക്കണം. വിവാഹാനന്തരം ഒരുകണ്ണടച്ചും മറെറത് പകുതിമാത്രം തുറന്നും ഇരിക്കണം.

3) നിസ്വാർത്ഥ സ്നേഹമുള്ളവർ തമ്മിലുള്ള വഴക്ക്, അവരുടെ സ്നേഹത്തെ നവീകരിക്കയും. ശക്തമാക്കുകയും ചെയ്യും.

4) സഹിക്കയും വഹിക്കയും ചെയ്താൽ ക്ലേശം നന്മയ്ക്കായി ഉപകരിക്കും.

5) സാമാന്യമായി ഭർത്താവ് സമ്പാദിക്കുന്നു. വിവേകമുള്ളഭാര്യ അത് സൂക്ഷിച്ച് കൈകാര്യം ചെയ്യുന്നു.

6) പുരുഷൻ വയലിനും, സ്ത്രീ അടുപ്പിനും; പുരുഷൻ വാളിനും, സ്ത്രീ സൂചിക്കും; പുരുഷൻ തലകൊണ്ടും, സ്ത്രീ ഹൃദയം കൊണ്ടും.

കുടുംബനായകൻ

കുടുംബനായകന്മാരെപ്പറ്റി വി. പൗലോസ് അപ്പൊസ്തോലർക്ക് എഴുതിയ ലേഖനത്തിലെ അഞ്ചാം അദ്ധ്യായം ഏവരുടെയും ശ്രദ്ധയെ ആകർഷിക്കുന്ന ഒന്നാണ്. ''ഭർത്താക്കന്മാരെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ക്രിസ്തു തന്റെ സഭയെ സ്നേഹിക്കയും, തന്നെത്തന്നെ ഏല്പിച്ചു കൊടുക്കയും ചെയ്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ. ഭർത്താക്കന്മാർ തങ്ങളുടെ ശരീരങ്ങളെപ്പോലെതന്നെ ഭാര്യമാരെയും സ്നേഹിക്കേണ്ടതാകുന്നു. തന്നെപ്പോലെതന്നെ തന്റെ ഭാര്യയേയും സ്നേഹിക്കണം.''

കുടുംബത്തിന്റെ തലവനും സംരക്ഷകനും ഭർത്താവത്രേ. ഭാര്യക്കും മക്കൾക്കും ആവശ്യമായവ യഥാശക്തി സമ്പാദിച്ചുകൊടുക്കുന്നതിന് ഭർത്താവു കടപ്പെട്ടവനാണ്. ഇന്നത്തെ സാഹചര്യത്തിൽ ഈ വിഷയത്തിൽ ഭാര്യയും സഹകരിക്കേണ്ടതുണ്ട്. ഭാര്യയോടു ഭർത്താവ് സ്നേഹവും ബഹുമാനവും ആദരവും വിശ്വസ്തതയും പ്രകടിപ്പിക്കണം; എപ്പോഴും സംരക്ഷണവും നൽകേണ്ടിയിരിക്കുന്നു. ഇപ്രകാരംതന്നെ

കുടുംബനാഥനിൽനിന്ന് മക്കൾക്കും സ്നേഹവാത്സല്യങ്ങൾ ലഭ്യമാകണം. കുടുംബത്തിന്റെ ഭദ്രതയ്ക്കും സംരക്ഷണത്തിനും വേണ്ടി അയാൾ ജീവൻപോലും ത്യജിക്കാൻ തയ്യാറായിരിക്കേണ്ടതാണ്. വാക്കിലും പ്രവൃത്തിയിലും ഭാര്യയോടും മക്കളോടും അയാൾ ദയാലുവായിരിക്കണം; നിർദ്ദയമായിട്ടോ ഹീനമായിട്ടോ ഒരിക്കലും അവരോട് പറയുകയും പ്രവർത്തിക്കയുമരുത്.

വീടിന്റെ ചുമതലയും ക്രമീകരണവും കുടുംബനായകൻ ഭാര്യയെ ഏല്പിക്കുന്നതാണുത്തമം. അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രമെ അതിൽ അയാൾ ഇടപെടാവൂ; അപ്പോഴും തന്നിഷ്ടക്കാരനെപ്പോലെ വർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭാര്യയ്ക്ക് സഹജമായ വിഷമതകളും അസ്വാസ്ഥ്യങ്ങളും ഉണ്ടാവും. ചിലപ്പോൾ വളരെയധികം ക്ലേശിക്കുന്നുമുണ്ടാവും. തദവസരങ്ങളിൽ ഭർത്താവ് ദയയും, സൗമ്യതയും പ്രദർശിപ്പിച്ച് ഭാര്യയ്ക്ക് ആശ്വാസം നൽകാൻ പരിശ്രമിക്കേണ്ടതാണ്. കുടുംബത്തിൽ കാർക്കശ്യത്തോടും ദുഷ്ടതയോടും കൂടി വർത്തിക്കുന്നവൻ മറ്റുള്ളവരുടെ മുമ്പിൽ ഭീരുവായിരിക്കും. അമിതമായ ചെലവുകളും, ലുബ്ദും ഭർത്താവ് പരിവർജ്ജിക്കണം. ഭാര്യക്കും മക്കൾക്കും വേണ്ടതെല്ലാം യഥാശക്തി സമ്പാദിച്ചുകൊടുക്കാൻ അയാൾ യത്നിക്കേണ്ടതാണ്. ബുദ്ധിമുട്ടി ഉണ്ടാക്കുന്നത് ന്യായമായി ചെലവുചെയ്തത് അനുഭവിക്കാനാണ്, സമ്പാദിക്കാൻ മാത്രമല്ലെന്നും അയാൾ ധരിച്ചിരിക്കണം. മരണശേഷം മക്കൾക്ക് ലഭിക്കുന്നതിനു വേണ്ടി ന്യായമായ ചെലവുപോലും ചെയ്യാതെ സമ്പാദിക്കുന്നതും സംഭരിച്ചു വയ്ക്കുന്നതും ബുദ്ധിശൂന്യമായിരിക്കും. പ്രസ്തുത പ്രവൃത്തി തികച്ചും ഫലങ്ങൾ മാത്രമേ ഉളവാക്കുകയുള്ളു.

കുടുംബനാഥൻ സ്വന്തം കുടുംബത്തെ മറ്റെന്തിനെക്കാളും സ്നേഹിക്കയും വാക്കിലും പ്രവൃത്തിയി

ലും പ്രകാശിപ്പിക്കയും വേണം. ജോലികഴിഞ്ഞു തിരിച്ചെത്തുന്ന അയാളുടെ ആശ്വാസവും ആനന്ദവും ഭാര്യയുടെയും മക്കളുടെയും കൂട്ടത്തിൽ കഴിയുമ്പോഴായിരിക്കണം. ജോലി കഴിഞ്ഞുള്ള ബാക്കി സമയം കുടുംബത്തിൽ കഴിച്ചുകൂട്ടാനായിരിക്കണം അയാളുടെ താത്പര്യം. അയാളും ആശ്വാസവും ആനന്ദവും പുറമെ അന്വേഷിക്കുന്നത് സ്വാർത്ഥതയാണ്. ഭാര്യയോടും മക്കളോടുംകൂടി പോകാൻ പാടില്ലാത്ത സ്ഥലങ്ങളിൽ ഗൃഹനാഥൻ പതിവായി പോകുന്നത് മറ്റുള്ളവരിൽ സംശയം ജനിപ്പിക്കാതിരിക്കുകയില്ല. ഭാര്യ ബഹുമാനാദരങ്ങളോടെ വീക്ഷിക്കത്തക്കവിധം ഗുണവാനും ഉത്തമനുമായി വർത്തിക്കാനായിരിക്കണം ഭർത്താവിന്റെ പ്രശ്നം. പിതാവിന്റെ ആഗമനം കുട്ടികൾക്ക് ആനന്ദം പ്രദാനംചെയ്യത്തക്കവിധം അവരോടു അയാൾ പെരുമാറേണ്ടതാണ്. അയാളുടെയും ആനന്ദം കുട്ടികളായിരിക്കണം. കുഞ്ഞുങ്ങളെ എടുത്തു ചുംബിക്കുന്നതിലും, താലോലിക്കുന്നതിലും ഉണ്ടാകുന്ന ആനന്ദാനുഭൂതി വിവരിക്കുക സാധ്യമല്ല. അവരുടെ പുഞ്ചിരി നൽകുന്ന ആനന്ദവും സംതൃപ്തിയും പിതാവിനെ കോരിത്തരിപ്പിക്കും. ഇത്ര പരിശുദ്ധവും പരിപാവനവുമായ ഭോഗ്യം പിതാവിന് വേറെ എവിടെനിന്നാണ് ലഭിക്കുക? ഈ അവസരത്തിലാണ് പിഞ്ചുകുഞ്ഞുങ്ങളുടെ സ്വഭാവവിശേഷങ്ങളും വാസനകളും, നന്മതിന്മകളും പിതാവിന് മനസ്സിലാകുന്നത്. ഭാവിയിൽ അവരെ ഓരോ തുറകളിലേയ്ക്ക് തിരിച്ചു വിടുന്നതിന് ഇത് ഉപകരിക്കാതിരിക്കുകയില്ല.

മറ്റുള്ളവരിൽനിന്നും നമുക്ക് വളരെ അധികം പഠിക്കാനും മനസ്സിലാക്കാനും ഉണ്ടാകും. സമാധാനത്തിലും സംതൃപ്തിയിലും കഴിയുന്ന അയൽക്കാരുടെ രീതികളും മാർഗ്ഗങ്ങളും അനുകരിക്കുന്നത്, തെറ്റുകളും പോരായ്കകളും ദൂരീകരിക്കുന്നതിനും സഹായകമായിരിക്കും. ചില കുടുംബങ്ങളിൽ കാണു

ന്ന അസംതൃപ്തിയും പരസ്പര വിദ്വേഷവും എങ്ങനെ ഉത്ഭവിക്കുന്നു എന്ന് ഗ്രഹിച്ച്, സ്വന്തം കുടുംബത്തിൽ അവ ഉണ്ടാകാതെയിരിക്കാൻ പരിശ്രമിക്കുന്നവൻ ഭാഗ്യവാൻ. കുടുംബജീവിതത്തെ ശിഥിലീകരിക്കുന്ന ഒരു ഘടകം "യുദ്ധമാണ്" അത് ആത്മാവിനേയും ശരീരത്തേയും നശിപ്പിക്കുന്നു. കുടുംബത്തെ നരകതുല്യമാക്കിപ്പകർത്തുകയും ചെയ്യും. മദ്യപാനത്തിന്റെ വിനാശകരങ്ങളായ ഫലങ്ങൾ എത്ര വിദൂരവ്യാപകങ്ങളാണെന്നും, ജീവിത ദൈർഘ്യത്തെത്തന്നെ അവ കുറച്ചുകളയുമെന്നും കുടുംബനായകൻ ഗ്രഹിച്ചിരിക്കണം. നമ്മുടെ അറിവിൽതന്നെ എത്ര കുടുംബങ്ങളെ മദ്യപാനം നരകതുല്യമാക്കുകയും ദാരിദ്ര്യത്തിൽ താഴ്ത്തുകയും ചെയ്തിട്ടുണ്ടെന്ന കാര്യം സ്മരിക്കുന്നത് ഉപകാരപ്രദമാണ്.

ഭർത്താവു സ്വന്തം സന്തോഷസന്താപങ്ങൾ ഭാര്യയെ അറിയിക്കുന്നത്, അവളുടെ സഹകരണവും സഹതാപവും അനുകമ്പയും ലഭ്യമാക്കുന്നതിന് സഹായകമായിരിക്കും. അപ്രകാരംതന്നെ സാമ്പത്തികസ്ഥിതി ഭാര്യ അറിഞ്ഞുകൊണ്ടിരിക്കുന്നതും, വരവു ചെലവുകൾ ഒരുമിച്ച് ക്രമീകരിച്ചുകൊണ്ടിരിക്കുന്നതും പരസ്പരസ്നേഹവും വിശ്വാസവും ദൃഢതരമാക്കാൻ ഉപകരിക്കും. കുടുംബകാര്യങ്ങൾ നടത്തുന്നതിനാവശ്യമായ ഒരു സംഖ്യ കുടുംബത്തലവൻ ഭാര്യയുടെ കൈവശം ഏല്പിക്കുന്നത് എന്തുകൊണ്ടും ഗുണകരമാകാനെ വഴിയുള്ളു. അത് ചെലവിടുന്നതിനുള്ള സ്വാതന്ത്ര്യം ഗൃഹനായികയ്ക്കുണ്ടായിരിക്കേണ്ടതാണ്. ഭാര്യയോടു സാധാരണഗതിയിൽ കണക്കു ചോദിക്കാതിരിക്കുന്നതാണു നല്ലത്. പരസ്പര ധാരണ ഉണ്ടെങ്കിൽ കുടുംബകാര്യങ്ങളിൽ ദമ്പതികൾ തുല്യതലപരരായിരിക്കും.

ഭർത്താവ് ജോലികഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തുന്നത് പലപ്പോഴും ക്ഷീണിതനായിട്ടായിരിക്കും. അ

പ്പോഴും ഭാര്യ നൽകുന്ന ചായയ്ക്ക് ചൂടില്ല, കറിക്ക് ഉപ്പില്ല, പാത്രത്തിനു വെടിപ്പില്ല എന്നെല്ലാം കാണുമ്പോഴും, മുൻകൂട്ടി കരുതിയില്ലെങ്കിൽ, ഭർത്താവു പെട്ടെന്ന് ക്ഷുഭിതനാകാം, വികാരങ്ങൾക്ക് അടിമപ്പെടാം, എത്ര നല്ല ആഗ്രഹവും പരിശ്രമവും ഉണ്ടായിരുന്നാലും, ആർക്കും ചിലപ്പോഴും തെറ്റുപറ്റാവുന്നതാണ്. അസുഖം ഹേതുവാൽ ഭാര്യയ്ക്കു മേലനുഭവപ്പെട്ട കാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധിക്കാൻ സാധിച്ചില്ലെന്നുവരാം. അത് അവഗണിക്കാനും ആത്മസംയമനം പാലിക്കാനും ഗൃഹനാഥൻ അഭ്യസിക്കണം. ഭാര്യയിൽ പലപ്പോഴും വേണ്ടത്ര ശ്രദ്ധ കാണുന്നില്ലെങ്കിൽ അയാൾ സൗമ്യമായും രഹസ്യമായും തിരുത്താനാണു ശ്രമിക്കേണ്ടത്. കുടുംബസമാധാനവും ആനന്ദവും ഭാര്യയോടുള്ള ഭർത്താവിന്റെ വർത്തനത്തിലാണ് അടങ്ങിയിരിക്കുന്നത് എന്ന വസ്തുത വിസ്മരിച്ചുകൂടാ.

കുടുംബത്തിൽ ഒരു തടങ്കൽപുള്ളിയെപ്പോലെ കഴിയാൻ ഭാര്യയ്ക്ക് ഇടവരുത്തരുത്. ദൈവാലയസന്ദർശനത്തിന് മാത്രമാകരുത് അവളുടെ ബഹിർഗമനം. ഭാര്യയും മക്കളുംഒരുമിച്ചു ഗൃഹനാഥൻ ചിലപ്പോഴെല്ലാം ബന്ധുമിത്രാദികളുടെ വീടുകളിൽ പോകയും, വിനോദങ്ങളിൽ ഏർപ്പെടുകയും വേണം. അയാൾ ബന്ധുക്കളേയും, ചാർച്ചക്കാരെയും സന്ദർശിച്ചും മറും സ്നേഹബന്ധം പുലർത്തേണ്ടതാവശ്യമാണ്. അവരെ കഴിവനുസരിച്ചു സഹായിക്കുന്നതും അവരുടെ കാര്യങ്ങളിൽ സഹകരിക്കുന്നതും ദുഃഖത്തിൽ ആശ്വസിപ്പിക്കുന്നതും ഇരുകൂട്ടർക്കും ഒരുപോലെ ആനന്ദപ്രദമായിരിക്കും. അയൽക്കാരെ സംബന്ധിച്ചും ഈ രീതി അവലംബിക്കുന്നതിൽ കുടുംബനായകൻ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

പുത്രീപുത്രന്മാർ തന്റെ കാലശേഷവും സ്നേഹത്തിലും ഐശ്വര്യത്തിലും കഴിയണമെന്ന് ആഗ്ര

ഹിക്കാത്ത ഒരു പിതാവും ഉണ്ടാകയില്ല. എന്നാൽ അ
ത് യാഥാർത്ഥ്യമാക്കി പകർത്തുന്നതിന് വേണ്ടതെ
ല്ലാം പിതാവുതന്നെ തക്കസമയത്തു ചെയ്തിരിക്ക
ണം. പിതാവ് ജീവിച്ചിരുന്നപ്പോഴും സ്നേഹത്തി
ലും ഐക്യത്തിലും കഴിഞ്ഞിരുന്നവർ, പിതാവി
ന്റെ കാലശേഷം ബദ്ധശത്രുക്കളായി വഴക്കും വക്കാ
ണവുമായി നിത്യ ശത്രുതയിൽ കഴിയുന്നതു കാണു
ന്നില്ലേ? പിതാവ് നീതിയായും നിഷ്പക്ഷമായും
തക്കസമയത്ത് ഭാഗഉടമ്പടി തീർത്തിരുന്നെങ്കിൽ, മ
ക്കളും തമ്മിലുള്ള കലാപങ്ങളും ഒഴിവാക്കാമായിരുന്നു.
സമയത്തു ശരിയായി വീതിച്ചുകൊടുക്കാതെ മരിക്കു
ന്നവരുടെ മക്കളും തമ്മിൽ വഴക്കും വക്കാണവും ഉണ്ടാ
കുന്നത് സാധാരണയായി കണ്ടുവരുന്ന സംഭവമാണ്.
കേസ് കളിച്ച് ചില കുടുംബങ്ങളും നശിക്കുന്നതായി
കാണാൻ വിഷമമില്ല. മരണസമയത്തു ധൃതിയിൽ
ചെയ്യുന്ന ഭാഗഉടമ്പടികളുടെ നിയമസാധുത്വവും വാ
സ്തവികതയും പലപ്പോഴും ചോദ്യം ചെയ്യപ്പെടാറു
ണ്ടു എന്ന കാര്യം സ്മരണീയമത്രെ. പിതാവ്, വേ
ണ്ട കാര്യങ്ങളും തക്കസമയത്ത് വേണ്ടവിധത്തിൽ നിർവ
ഹിച്ചിരുന്നെങ്കിൽ എത്ര നാശനഷ്ടങ്ങളും ഒഴിവാക്കാ
മായിരുന്നു?

വി. ഗ്രന്ഥത്തിൽ തോബിയാസിന്റെ പുസ്തക
ത്തിലെ നാലാം അദ്ധ്യായത്തിൽ ഒരു നല്ല മാതൃക
ദർശിക്കാൻ കഴിയും, ''ദൈവം ധാരാളമായിട്ട് സമ്പ
ത്തുകൊണ്ട് അനുഗ്രഹിച്ചിട്ടുണ്ടെങ്കിൽ, അതിൽ ഒരു
ഭാഗം സാധുക്കൾക്കും, പീഡിതർക്കും, സാമൂഹിക
പ്രവർത്തനങ്ങൾക്കുമായി നൽകേണ്ടതാണ്. മരണാന
ന്തരം പേരു നിലനിൽക്കുന്നതിനും അടുത്ത തലമുറ
സ്തുതിക്കുന്നതിനും സർവോപരി ധാരാളത്തക്ക് നി
ത്യസമ്മാനം ദൈവം നൽകുന്നതിനും ഇത് കാരണമാ
കും. ധാരാളമുണ്ടെങ്കിൽ, ധാരാളമായി കൊടുക്കണം.
കുറച്ചെ ഉള്ളെങ്കിൽ സന്തോഷമായിട്ടു കുറച്ചു കൊടു
ത്താൽ മതി. അധിക സമ്പത്തിന് അവകാശികളാകു

ന്ന മക്കളം സാമാന്യമായി നമ്മുടെ നാട്ടിൽ അലസരും ധൂർത്തരുമാകാറുണ്ട്. ദുഷ്ടാന്തങ്ങൾ എക്കാലത്തും സുലഭമാണ്. മഹാത്മാക്കൾ മാത്രമേ ദീനദയാലുത്വത്തിന്റെ മഹത്വം ഗ്രഹിക്കയുള്ളു.

പരസ്നേഹപ്രവർത്തനങ്ങൾക്കും, ദൈവാരാധനയെ സംബന്ധിച്ച കാര്യങ്ങൾക്കുമായുള്ള ഭാഗഉടമ്പടികൾ മനസ്സാക്ഷിയെ ബാധിക്കുന്നവയാണ്. അതിന് നിയമാനുസൃതമായ ചില വ്യവസ്ഥകൾ നിറവേറിയിരിക്കണമെന്നുണ്ട്. ആകയാൽ സാമൂഹിക പ്രവർത്തനങ്ങൾക്ക് വേണ്ട നിഷ്ക്കർഷയോടുകൂടിയും നിയമാനുസൃതമായും ധനം നീക്കിവയ്ക്കുന്ന കാര്യത്തിൽ ഗൃഹനാഥൻ പ്രത്യേകം ശ്രദ്ധയുണ്ടായിരിക്കണം.

ചിന്താശകലം

1) സമ്പത്തിൽ സ്നേഹിതന്മാർ നമ്മെ അറിയുന്നു. ദാരിദ്ര്യത്തിൽ നാം സ്നേഹിതന്മാരെ അറിയുന്നു.

2) പക്ഷികൾക്ക് ദൈവം ഭക്ഷണം കൊടുക്കുന്നു. എന്നാൽ അവയുടെ കൂട്ടിലേയ്ക്ക് എറിഞ്ഞു കൊടുക്കുന്നില്ല.

3) ശത്രുവിന്റെ വഞ്ചനാത്മകമായ ചുംബനത്തെക്കാൾ, സ്നേഹിതന്റെ മുറിപ്പെടുത്തൽ മെച്ചം.

4) അകന്ന മിത്രത്തെക്കാൾ, അടുത്ത ശത്രു കൂടുതൽ ഉപകരിക്കും.

കുടുംബനായിക

മാതാപിതാക്കന്മാർ തങ്ങളുടെ പുത്രിയെ ആശ്ലേഷിച്ച് ചുംബിച്ചശേഷം പുറപ്പെടാൻ അവൾക്ക് അനുമതിനൽകി. തൽസമയം അവർ അവളെ ഉപദേശിച്ചു. 'നിന്റെ ഭർത്താവിന്റെ മാതാപിതാക്കന്മാരെ നീ

ബഹുമാനിക്കുക. ഭർത്താവിനെ സ്നേഹിക്കുക. കുടുംബം ഭരിക്കുക. വീട് സംരക്ഷിക്കുക. ആക്ഷേപരഹിതയായി വ്യാപരിക്കുക.' (തോബി. X:12)

'ബുദ്ധിയുള്ള സ്ത്രീ അവളുടെ ഭവനം പണിയുന്നു. ഭോഷി സ്വന്തം കരങ്ങളാൽ ഉള്ളവപോലും വലിച്ചു പൊളിക്കുന്നു' സുകൃതിനിയായ സ്ത്രീ തന്റെ ഭർത്താവിനെ ആനന്ദിപ്പിക്കുന്നു. അവനെറ ജീവിതകാലം മുഴുവൻ സമാധാനപരമായി കഴിക്കുകയും ചെയ്യും.

വഴക്കാളിയും ഉഗ്രകോപിഷ്ഠയുമായ ഭാര്യയോടുകൂടി വസിക്കുന്നതിനെക്കാൾ നല്ലത് വനവാസമായിരിക്കും.

ജാഗ്രതയുള്ള ഭാര്യ ഭർത്താവിന്റെ കിരീടമാണ്. കർത്താവിന് എന്നപോലെ സ്ത്രീകൾ ഭർത്താക്കന്മാർക്ക് കീഴ്പ്പെട്ടിരിക്കട്ടെ. ഒരുത്തമ ഭാര്യയെ കണ്ടെത്തുന്നവൻ വലിയ നിക്ഷേപം കണ്ടെത്തുന്നു. അവൻ കർത്താവിൽനിന്ന് അനുഗ്രഹങ്ങൾ പ്രാപിക്കയും ചെയ്യും. സ്ത്രീയോട് കർത്താവ് അരുളി 'ഗർഭധാരണത്തിലുള്ള നിന്റെ വേദനകൾ ഞാൻ വർദ്ധിപ്പിക്കും. വേദനയോടുകൂടി നീ കുട്ടികളെ പ്രസവിക്കും. നീ നിന്റെ ഭർത്താവിന്റെ അധീനതയിലായിരിക്കും. അവൻ നിന്റെമേൽ ആധിപത്യം ഉണ്ടായിരിക്കും.

വിവാഹാവസരത്തിൽ വധൂവരന്മാർ പരസ്പരം മോതിരം സമ്മാനിക്കുന്നു. അത് അവരുടെ ഗാഢബന്ധത്തിന്റെയും സ്നേഹൈക്യത്തിന്റെയും സ്ഥിരതയുടെയും പ്രതീകമാണ്. വിവാഹസ്ഥിരതയുടെ പ്രതീകമാണ് സ്വർണ്ണം. മോതിരവളയം അവസാനിക്കാത്ത ഐക്യം കാണിക്കുന്നു. പാത, വൃത്താകാരമാകുമ്പോൾ നടക്കുകയും ഓടുകയും ചെയ്യുന്നതിൽ പുരോഗതി ദൃശ്യമായിരിക്കയില്ല. ഒരേഗതി

യിൽ പ്രയാണമാകുമ്പോഴും തടസ്സങ്ങളും കാണുകയില്ല. എന്നാൽ ഒരാൾ എതിർഭാഗത്തേയ്ക്കു പ്രയാണം ആരംഭിച്ചാൽ ഏറെറുമുട്ടലായി, വിഘ്നമായി. മോതിരവളയം ബന്ധിതമാണ്. അത് ബന്ധത്തിന്റെ അടയാളമാണ്. ശാശ്വതമായ ഐക്യത്തിന്റെയും, സ്നേഹത്തിന്റെയും, സ്മരണ, സന്തോഷത്തിലും സന്താപത്തിലും ഭാര്യാഭർത്താക്കന്മാരിൽ, നില നിറുത്തുന്നതിന് സഹായകമായ ഒരടയാളമാണ് മോതിരം.

ഭാര്യ ഭർത്താവിന്റെ സഖിയും, നല്ലഭാഗവും, പ്രതിരൂപവുമാണ്. അവരം കുടുംബത്തിന്റെ റാണിയും അധിപയുമാണ്. ഭർത്താവിനുസമമാണവരം. ഒരിക്കലും അവരം അയാളുടെ അടിമയല്ല. സമത്വത്തിൽ തുല്യാവകാശമെന്ന് വിവക്ഷയില്ല. അത് കുഴപ്പത്തിന് കാരണമാകാം. ഭാര്യ, ഭർത്താവിന് വിധേയയായിരിക്കണമെന്നകാര്യം അനുക്തസിദ്ധമാണ്. ശിരസ്സെന്നപോലെ അയാളെ ബഹുമാനിക്കയും അയാളുടെ നേർക്കു വിധേയത്വവും അനുസരണവും പ്രദർശിപ്പിക്കയും വേണം. മനസാ, വാചാ, കർമ്മണാ, ഭർത്താവിനോടു പരിപൂർണ്ണ വിശ്വസ്തത പാലിക്കണം. ഭവനകാര്യങ്ങളിൽ ഭാര്യ അധിപയാകയാൽ, അത് ഭരിക്കേണ്ടതും, ഭവനകാര്യങ്ങരം അനേഷിച്ചു നടത്തേണ്ടതും അവളുടെ കടമയാണ് എങ്കിലും താൻ ഭർത്താവിന് വിധേയയാണെന്നുള്ളത് ഭാര്യ ഒരിക്കലും വിസ്മരിക്കരുത്. സ്വന്തം മാതാപിതാക്കന്മാരെയും ജനിച്ചുവളർന്ന ഗൃഹത്തെയും വിട്ട് ഭർത്താവിന്റെ ഭവനത്തിൽ താമസം ഉറപ്പിക്കയും കുടുംബപ്പേര് സ്വീകരിക്കയും ചെയ്യുന്നതിൽനിന്ന് ഭർത്താവിന്റെ അധികാരവും ഭാര്യയുടെ വിധേയത്വവും വ്യക്തമാകുന്നുണ്ടല്ലൊ.

എല്ലാക്കാര്യത്തിലും കുടുംബത്തിലെ പരമാധികാരി ശിരസ്സ്, ഭർത്താവാണെന്നകാര്യം വിസ്മരിക്കാതെയും അയാളുടെ കർത്തവ്യങ്ങളിലും അവകാശങ്ങ

ളിലും, തലയിടാതെയും വർത്തിക്കാനായിരിക്കണം ഭാര്യയുടെ പരിശ്രമം. സത്സ്വഭാവവും സൗമ്യതയും വിവേകവുമുള്ള ഭാര്യയ്ക്ക്, ഭർത്താവിന്റെ സ്വഭാവ ദൂഷ്യങ്ങളും ദുർഗുണങ്ങളും ഇല്ലാതാക്കത്തക്ക സ്വാധീന, അയാളുടെമേൽ ചെലുത്തുന്നതിനും സാധിക്കും. സ്നേഹവും ആദരവും, വിശ്വസ്തതയും കുടുംബകാര്യങ്ങളിൽ ശ്രദ്ധയുമുള്ള യഥാർത്ഥ കുടുംബപിതാവാക്കി അയാളെ പകർത്താനും അവൾക്ക് കഴിവുണ്ടാകും.

ഭർത്താവിനെ സൂര്യനോടും, ഭാര്യയെ ചന്ദ്രനോടും ഉപമിക്കാവുന്നതാണ്. ചന്ദ്രൻ സൂര്യനിൽ നിന്നു ലഭിക്കുന്ന വെളിച്ചം കൊണ്ടാണ് പ്രകാശിക്കുന്നതെന്നു ഏവർക്കുമറിയാമല്ലോ. ഇപ്രകാരം ഭർത്താവിന്റെ ഔന്നത്യവും, മഹിമയും, സദ്ഗുണങ്ങളുംകൊണ്ട് ഭാര്യയും പ്രശോഭിക്കണം. ഭർത്താവിന്റെ മഹത്വവും ഗുണഗണങ്ങളും പരിപോഷിപ്പിക്കുന്നതിനു ഭാര്യ ശ്രദ്ധിക്കേണ്ടതാണ്. ഇങ്ങനെ അവൾക്ക് സ്വന്തം മഹത്വവും വർദ്ധിപ്പിക്കാം. ഇന്ന ആളിന്റെ ഭാര്യ എന്നതിലായിരിക്കണം ഭാര്യയുടെ അഭിമാനം. ഡോക്ടറിന്റെ, വക്കീലിന്റെ എന്നതിനെക്കാൾ, ഇന്ന ആളിന്റെ ഭാര്യ എന്നതിലാണു അവൾ അഭിമാനം കൊള്ളേണ്ടത്.

ഇരുകൈകളും പോലെയാണ് കുടുംബത്തിൽ ഭർത്താവും ഭാര്യയും. കൈകളുതമ്മിൽ വ്യത്യാസമില്ല; സമമാണ്, എങ്കിലും പ്രവർത്തനമണ്ഡലങ്ങളിൽ വ്യത്യാസമുണ്ട്. പ്രായേഗികമായി വലതുകൈയാണ് സകലജോലികളും നിർവഹിക്കുന്നത്. ജോലികളും ശരിയായും ഭംഗിയായും എളുപ്പമായും നിർവഹിക്കാൻ ഇടതുകരം സഹായിക്കുന്നു. വലതുകരം എഴുതുമ്പോൾ ഇടതുകരമാണ് കടലാസ് പിടിച്ചു ക്രമപ്പെടുത്തികൊടുക്കുന്നത്. മരപ്പണിയിൽ ഇടതുകരം ഉളിപിടിക്കുന്നു, വലതുകരം അടിച്ച് പണിനടത്തുന്നു. വലതുകരം ക്ഷീണിക്കയോ, തനിച്ച് ജോ

ലിനിർവഹിക്കാൻ കഴിവില്ലാതാകയോ ചെയ്യുമ്പോഴും, ഇടതുകരം സഹായിക്കുന്നു, ആവശ്യമെങ്കിൽ ജോലി മുഴുവനും ചെയ്തുതീർക്കുന്നു. ഭാരം വഹിക്കുന്നതിന് രണ്ടു കരങ്ങളും ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നതായി നാം കാണുന്നുണ്ടല്ലൊ. ഇടതുകരത്തിന് വലതുകരം ശുശ്രൂഷനൽകുന്നു; വലതുകരത്തിന് ഇടതുകരവും. സമക്കാരുടെ ഇടയിൽ എന്നപോലെ, ഇടതുകരവും വലതുകരവുമെന്നപോലെ, ഭർത്താവും ഭാര്യയും കുടുംബജീവിതത്തെ ആനന്ദപ്രദമാക്കി നയിക്കുന്നു. ഭർത്താവിന്റെ അഭിലാഷങ്ങളും, ആഗ്രഹങ്ങളും നിർദ്ദേശങ്ങളും സ്വന്തം എന്നപോലെ ഭാര്യ സാധിച്ചുകൊടുക്കണം. വിശ്രമവേളയിൽ ഇരുവരും ഒരുമിച്ചായിരിക്കുന്നതിന് ഉത്സാഹിക്കുന്നതാണുത്തമം. സ്ത്രീവഴിയും സ്ത്രീയിൽകൂടെയും പുരുഷൻ, സുകൃതിയോ, ദുഷ്ടനോ, നീതിമാനോ, അനീതിക്കാരനോ; സൗമ്യനോ, ക്രൂരനോ; ധീരനോ, ഭീരുവോ; മാലാഖയോ, മൃഗമോ ആയിതീരുന്നു എന്ന് പറയുന്നതിൽ തെറ്റില്ല.

ഭർത്താവുമായിട്ട് എല്ലാ കാര്യങ്ങളിലും താദാത്മ്യംപ്രാപിക്കുന്നതിന് ഭാര്യ പഠിക്കയും അതിനു വേണ്ടി പരിശ്രമിക്കയും വേണം. അവർ രണ്ടല്ല ഒന്നാണെന്ന് പറയാൻ കഴിയണം. ഭാര്യയും ഭർത്താവും സ്നേഹത്തിൽ ബന്ധിതരായാൽ, ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ അവരുടെ കുടുംബം ആനന്ദവിഷയമാകും. സ്നേഹത്താൽ പ്രേരിതമായ അദ്ധ്വാനവും ക്ലേശവും ഭാരമായി അനുഭവപ്പെടുകയില്ല. ചില ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരോടുള്ള സ്നേഹാതിരേകത്താൽ അവരെ അലട്ടുകയും കളിയാക്കുകയും ചെയ്യാറുണ്ട്. അപ്പോഴും മുഖം കറപ്പിക്കാതെ പുഞ്ചിരി സമ്മാനിച്ചുകൊണ്ട് അതെല്ലാം സ്വീകരിക്കാൻ ഭാര്യ പഠിച്ചാൽ വിജയമായി.

ഭർത്താവിന് ജോലിസ്ഥലങ്ങളിൽ പലരോടും പല വിധത്തിൽ ഇടപെടേണ്ടതായിട്ടുള്ളതിനാൽ വളരെ

യധികം കഷ്ടമിക്കാനും വഹിക്കാനും ഉണ്ടാകും. തൽ ഫലമായി വീട്ടിൽ മടങ്ങിവരുമ്പോഴും, കോപിഷ്ഠനും, അത്യപ്തനുമായി കാണപ്പെടാം. തദവസരങ്ങളിൽ സന്തോഷത്തോടെസ്വീകരിച്ച് സൽക്കരിച്ച് ആശ്വസിപ്പിക്കുന്നതിനും, വിഷമതകളും വിസ്മരിക്കത്തക്കവിധം സ്നേഹപ്രകടിപ്പിക്കുന്നതിനും ഭാര്യ ശ്രദ്ധിക്കണം. കാര്യങ്ങളും മുൻകൂട്ടി കണ്ടുകൊണ്ട് വേണ്ടതുപോലെ തക്കസമയത്ത് ഭർത്താവിനെ പരിചരിക്കുന്നതിലാണ് ഭാര്യയുടെ വിജയം അടങ്ങിയിരിക്കുന്നത്. 'നാഴി അരിക്കുമുട്ടിയാലും, നാലിടിക്ക് മുട്ടില്ല' എന്ന രീതിയിൽ വിവേചനംകൂടാതെ ഭാര്യ വർത്തിച്ചാൽ ഫലം നിരാശാജനകമായിരിക്കും.

പരസ്പരം സ്നേഹം പരിപോഷിപ്പിക്കുന്നതിനുള്ള എല്ലാ മാർഗ്ഗങ്ങളും ഭാര്യ സ്വീകരിക്കണം. ഇക്കാര്യത്തിൽ പലഹാരങ്ങളും, കറികളും എന്നിവക്കും അവയുടേതായ സ്ഥാനമുണ്ട്. പുരുഷന്റെ ഹൃദയത്തിലേയ്ക്കുള്ള കുറുക്കുവഴി ഇവയാണെന്നുള്ള ചൊല്ലിൽ അല്പം കഴമ്പില്ലേ? ഭർത്താവിന്റെ രുചിക്കനുസരണമായി ഇഷ്ടാനിഷ്ടങ്ങളും മനസ്സിലാക്കി അയാളും സംതൃപ്തനാകത്തക്കവിധം രുചികരമായി ഭക്ഷണം പാകംചെയ്ത് തക്കസമയത്തു കൊടുക്കുന്നതിൽ ഭാര്യക്കു ശ്രദ്ധ ഉണ്ടാകണം. പൈതൃകാശിസ്സ് നൽകുന്നതിനു, വിശേഷ ഭക്ഷണം തയ്യാറാക്കുന്നതിനാണല്ലൊ ഇസഹാക്കും പറഞ്ഞത്. ഭക്ഷണം രുചികരമായും ആഗ്രഹാനുസരണമായും തക്കസമയത്തും തയ്യാറാക്കികൊടുത്താൽ ഭർത്താവിലും ഇതേ ആനന്ദാനുഭൂതി ജനിപ്പിക്കാം. അടുക്കളജോലിക്ക് എപ്പോഴും സമയം കണ്ടെത്തിയാൽ, സ്നേഹനിർഭരമായ ഈ അദ്ധ്വാനത്തിനു പ്രതിഫലമെന്നോണം, ഐക്യവും, സമാധാനവും. പരസ്പരധാരണയും വർദ്ധമാനമാക്കി ഭൗമ്യ പാദീസായുടെ അനുഭവം സ്വഗൃഹത്തിൽ കൈവരുത്താൻ ഭാര്യയ്ക്കു സാധിക്കും.

ഭാര്യ അലസയായി സമയം ചെലവഴിക്കയോ, അയൽ വീടുകളിൽ ചുറ്റിസഞ്ചരിച്ച്, ഏഷണിയും ദൂഷണവും പറഞ്ഞ് സമയം നഷ്ടപ്പെടുത്തുകയോ അരുത്. വീടിന്റെ ശുചീകരണം, കുട്ടികളുടെ ശുചിത്വം, അടുക്കളത്തോട്ടം, കോഴിവളർത്തൽ, പശുസംരക്ഷണം, എന്നിവയിൽ ഭാര്യ താത്പര്യം പ്രകടിപ്പിക്കണം തൽഫലമായി വ്യായാമവും ആനന്ദവും, ആശ്വാസവും, സമ്പത്തും, ഐശ്വര്യവും വർദ്ധമാനമാക്കാം. ഭർത്താവിന്റെ പ്രശംസയ്ക്കു ഭാര്യ പാത്രമാകയും ചെയ്യും. വ്യർത്ഥവും അനാവശ്യവുമായ ആഡംബരച്ചെലവുകളും ഉണ്ടാകാതെ ഭാര്യ സൂക്ഷിക്കണം. വസ്ത്രാഭരണങ്ങളും അമിതമാകരുത്. പ്രായത്തിനും ഭർത്താവിന്റെ ഇംഗിതത്തിനും യോജിച്ച വിധമേ വസ്ത്രാഭരണങ്ങളും ഉപയോഗിക്കാവൂ. തന്റെ കടപ്പാട് ഭർത്താവിനോടാണെന്നുള്ള കാര്യം ഭാര്യ വിസ്മരിക്കരുത്. വസ്ത്രാഭരണങ്ങളിലുള്ള ഭ്രമം കുടുംബങ്ങളെ ദാരിദ്ര്യത്തിൽ താഴ്ത്തുകയും നശിപ്പിക്കയും ചെയ്യുമെന്ന വസ്തുതവിസ്മരിച്ചുകൂടാ. സമ്പത്തിന്റെ ഒരു ഭാഗം ദൈവകാര്യങ്ങൾക്കും, സാധുജനോദ്ധാരണത്തിനും നൽകുന്നത് ദൈവത്തിനും മനുഷ്യർക്കും ആനന്ദം നൽകും.

വിവാഹാനന്തരം, മധുവിധു, കഴിയുന്നതോടെ ഭാര്യയ്ക്കു കുറച്ചു നാളത്തേയ്ക്കു ''വീട്ടുപനി'' ഉണ്ടാകാം. പുതിയ ഭവനവും പുതിയ ആളുകളും, സാഹചര്യങ്ങളുമായി ഇണങ്ങിച്ചേരാൻ കുറച്ചു സമയം എടുക്കും. ഭർത്താവിന്റെ സ്നേഹവാത്സല്യങ്ങൾകൊണ്ടുമാത്രം വിഷാദാത്മകമായ ഈ പനി, പെട്ടെന്ന് ദൂരീകരിക്കാൻ സാധിച്ചെന്നു വരുകയില്ല. പുത്രന്റെ സ്നേഹം ഭാര്യയിലേയ്ക്ക് മാറുന്നതും, അടച്ചു വാണിരുന്ന ഭവനത്തിലേയ്ക്ക് വേറൊരു സ്ത്രീ, വാഴുന്നതിന് പ്രവേശിക്കുന്നതും, അമ്മായിഅമ്മയെ വിഷമിപ്പിക്കുന്ന പ്രശ്നങ്ങളാണ്. പ്ലാനുകളും അഭീഷ്ടങ്ങളും പരാജയപ്പെട്ടതിനാൽ, നിരാശരായിത്തീർ

ന്ന ചിലർ വിവാഹം തിടുക്കത്തിലായിപ്പോയെന്നും മാറും വധുവിനെ തെറ്റിധരിപ്പിക്കുന്നതിന് ശ്രമിക്കാനും പാടുണ്ട്. തൽഫലമായി പുതുമണവാട്ടിയിൽ ബാലിശമായ കരച്ചിലും, അസുഖവും ഉണ്ടാകാം. "എന്നോടു സ്നേഹമില്ല" "മരിച്ചോളാം" ഇത്യാദി പ്രസ്താവങ്ങളും ഉണ്ടായെന്നുവരാം. മാത്രമല്ല, സ്നേഹവും സന്തോഷവും പ്രകടമാക്കാൻ അടുക്കുന്ന ഭർത്താവിൽനിന്ന് അവശം ഒഴിഞ്ഞുമാറുകയും അയാളെ തള്ളിയകറ്റുകയും അയാളുടെ നേർക്കു കോപിക്കുകയും ചെയ്തേക്കാം. ഈ സാഹചര്യം തുടർന്നു പോയാൽ, ഭാര്യാഭർത്തൃ സ്നേഹം തണുക്കുകയും, ഭർത്താവ് വീട്ടിൽനിന്നുപോലും അകലാൻ ശ്രമിക്കുകയും ചെയ്തെന്നുവരും. കുടുംബത്തിൽ ലഭ്യമാകാത്ത സ്നേഹവും ആനന്ദവും വേറെ സ്ഥലങ്ങളിൽ അയാൾ അന്വേഷിച്ചെന്നും വരും.

വിവാഹജീവിതത്തിൽ അനുഭവപ്പെടാവുന്ന വിഷമതകളെയും, ബുദ്ധിമുട്ടുകളെയും സംബന്ധിച്ച് നേരത്തെ യാതൊരു ജ്ഞാനവും ലഭിക്കാത്തതുകൊണ്ടാണ് പലപ്പോഴും ഇങ്ങനെ സംഭവിക്കുന്നത്. അല്പം ക്ഷമയും, സഹനവും ആത്മാർത്ഥസ്നേഹവുമുണ്ടെങ്കിൽ മലപോലെ തോന്നുന്ന പ്രയാസങ്ങളെ പൂവുപോലെ ലഘുവാക്കാമെന്ന് ഭാര്യ നല്ലതുപോലെ ഗ്രഹിച്ചിരിക്കേണ്ടതാണ്.

മദ്യപാനം കുടുംബത്തെ നരകതുല്യമാക്കുന്ന ഒരു മഹാ തിന്മയാണെന്ന് അറിവില്ലാത്തവർ ഉണ്ടാകയില്ല. ഭർത്താവിനെ ഒരു വികൃത മൃഗമാക്കി അതു പകർത്തും. ഭാര്യ തന്റെ ക്ഷമയും, സഹനവും, സ്നേഹവുംകൊണ്ട് അയാളെ നേർവഴിക്ക് തിരിക്കണം. ഭാര്യയും മദ്യപാനത്തിനൊരുങ്ങിയാൽ കുടുംബത്തിന്റെ സ്ഥിതി എന്താകും? നമ്മുടെ നാട്ടിൽ ഇങ്ങനെയുള്ള ഒരവസ്ഥ വളരെ ദുർല്ലഭം എന്നത് ആശ്വാസകരംതന്നെ. നിർഭാഗ്യവശാൽ ഭർത്താവ് ദുർവൃത്തനും, മദ്യ

പാനിയുമായാൽ ഭാര്യ പ്രാർത്ഥനയിൽ അഭയംപ്രാപിക്കയും, അയാളെ പ്രകോപിപ്പിക്കുന്ന സകലതിൽനിന്നും ഒഴിഞ്ഞുമാറുകയും വേണം. പരമാവധി സ്നേഹം പ്രകടിപ്പിക്കയും, സന്തോഷിപ്പിക്കയും ചെയ്യുന്നതിന് അവൾ പരിശ്രമിക്കണ്ടതാണ്. ക്രമേണ ഭർത്താവിൽ മാനസാന്തരം ഉണ്ടാവുകതന്നെ ചെയ്യും. ഭാര്യ കോപിക്കാതെയും, വിദ്വേഷം കാണിക്കാതെയും പെരുമാറുകയും സൗമ്യതയിലും സ്നേഹത്തിലും, നയത്തിലും കഴിവതും ഭർത്താവിനെ സംതൃപ്തനാക്കുന്നതിന് ശ്രമിക്കയും വേണം. സ്നേഹമുള്ള ഓമനക്കുഞ്ഞുങ്ങൾ കേണപേക്ഷിക്കുന്നത് മനഃപരിവർത്തനത്തിന് ഉപകരിക്കും. കുരിശു ഭാരമേറിയതെങ്കിലും, സ്നേഹംകൊണ്ട് അതിനെ ലഘൂകരിക്കാവുന്നതാണ്.

ക്ഷമയും സൗമ്യതയുമുള്ള ഭാര്യയ്ക്ക് ഭർത്താവിനെ മാനസാന്തരപ്പെടുത്തുവാൻ ക്രമേണ സാധിക്കുമെന്നതിന് വി. മോനിക്കായുടെ ചരിത്രം തെളിവാണ്. ക്ഷിപ്രകോപിയും, മദ്യപാനിയുമായ അവളുടെ ഭർത്താവിനെ പ്രാർത്ഥനയും, ക്ഷമയും, സൗമ്യതയുംകൊണ്ടു അവൾ മാനസാന്തരപ്പെടുത്തി. അപ്രകാരംതന്നെ ദുർവൃത്തനായി ജീവിച്ചിരുന്ന തന്റെ മകനായ ആഗസ്തീനോസിനെ, മെത്രാനും വിശുദ്ധനുമാക്കാൻ അവൾക്ക് കഴിഞ്ഞു. വി. മോനിക്കായെ അനുകരിച്ചാൽ വലിയ മാനസാന്തരങ്ങൾ നടക്കുമെന്നതിൽ സംശയമില്ല.

വിവാഹാനന്തരം, ഭർത്താവും കുടുംബാംഗങ്ങളും, തന്നെ ആദരിക്കുന്നില്ലെന്നോ, അനാദരം കാണിക്കുന്നെന്നോ, തോന്നുമ്പോൾ അക്കാര്യം സ്വന്തം അമ്മയോടു പറഞ്ഞു ഭാര്യ ആശ്വാസം തേടുക സാധാരണമാണ്. എന്നാൽ അമ്മമാർ വേണ്ടത്ര വിവേകമില്ലാതെ പലപ്പോഴും വർത്തിക്കുന്നതിനാൽ, ബുദ്ധിയും വിവേകവും ഇല്ലാത്തവരെപോലെ അവർ ചിലപ്പോൾ പ്രവർത്തി

ക്കുന്നതിനാൽ ചട്ടിയിൽനിന്ന് അടുപ്പിലേക്കു വീഴുന്ന അനുഭവമാണ്, മകനുംക്ക് ഉണ്ടാകുക. തലയെക്കാളും ഹൃദയത്തിനായിരിക്കും അവരിൽ മുൻതൂക്കം. പ്രാർത്ഥനയിൽ ആശ്രയിച്ചും ക്ഷമിച്ചും കാര്യങ്ങളും നേരെയാക്കുന്നതിന് മക്കളെ ഉപദേശിക്കയാണു മാതാക്കളും ചെയ്യേണ്ടത്. എന്നാൽ അവർ പലപ്പോഴും നേരെ വിപരീതമായി പറകയും പ്രവർത്തിക്കയുമാണ് ചെയ്യുന്നത്. ആ പീഡിപ്പിച്ചിലേയ്ക്ക് മകളെ വിവാഹംകഴിപ്പിച്ച് അയച്ചതിനെ ശപിക്കയും, പിതൃഭവനത്തിലേയ്ക്ക് പോരുന്നതിന് അവർ അവളെ ക്ഷണിക്കയും ചെയ്തേക്കാം. ഇപ്രകാരമുള്ള മാതാക്കളും തങ്ങളും എരിതീയിൽ പെട്രോളും പകരുകയാണ് ചെയ്യുന്നതെന്നകാര്യം ഓർമ്മിക്കുന്നില്ല. തന്റെ പ്രവൃത്തി സ്വപുത്രിയുടെ ഭാവി നിർഭാഗ്യകരമാക്കുവാനേ ഉപകരിക്കുകയുള്ളു എന്ന വസ്തുത മാതാവു ചിന്തിക്കുന്നില്ല. മാതാവ് ക്ഷോഭത്തിൽ, പുത്രിയെ വീട്ടിലേയ്ക്കു ക്ഷണിച്ചെന്നിരിക്കും, വിഡ്ഢിത്തങ്ങളും പലതും പുലമ്പിയേക്കും. അധികനാളും കഴിയുംമുമ്പേ ഈ മാതാവുതന്നെ പുത്രിയെ തള്ളിപ്പറകയും, വീട്ടിൽനിന്ന് അവളെ ഇറക്കി വിടുകയും ഭർത്താവിന്റെ പക്കലേയ്ക്ക് നിർഭയം പറഞ്ഞയക്കയും ചെയ്യും. ബലമായിട്ടു മകളെ ആട്ടി പുറത്താക്കുന്ന സംഭവവും ഉണ്ടായിട്ടുണ്ട്. ആകയാൽ ഏതെല്ലാം പ്രതികൂല സാഹചര്യങ്ങളും ഭർത്തൃഗൃഹത്തിൽ ഉണ്ടായാലും, അതെല്ലാം ക്ഷമിച്ചും, സഹിച്ചും, നയവും സേവനവും കൊണ്ട് ഭർത്തൃഗൃഹത്തിലുള്ളവരെ ആനുകൂല്യത്തിൽ വരുത്താനാണ് ഭാര്യ ശ്രമിക്കേണ്ടത്. പല വിഷമതകളും കേവലം സങ്കല്പസൃഷ്ടികളായിരിക്കും. വിവേകമുള്ളവരിൽനിന്ന് ഉപദേശം സ്വീകരിക്കുന്നതു നല്ലതാണ്.

ചില ഭാര്യമാർ കർക്കശവാക്കുകളംകൊണ്ട് തങ്ങളുടെ ഭർത്താക്കന്മാരെ നിശ്ശബ്ദരാക്കാൻ ശ്രമിക്കാറുണ്ട്. ഇത് ഒന്നോ രണ്ടോ പ്രാവശ്യം ഫലിച്ചേക്കാം,

പ്രത്യേകിച്ചും ആരംഭത്തിൽ. എന്നാൽ ഇരട്ടി ശക്തിയിൽ തിരിച്ചടി ഉണ്ടാകുമെന്നുള്ളത് ബുദ്ധിശൂന്യയായ ഭാര്യ മനസ്സിലാക്കുന്നില്ല. പല തെറ്റിദ്ധാരണകൾക്കും കുടുംബകലഹത്തിനും ഇത് കാരണമാകുന്നുണ്ട്.

ചില ഭാര്യമാർ സ്വന്തം കടമകൾ അവഗണിച്ചിട്ട് ഭർത്താവ്യാസങ്ങളിൽ മുഴുകുന്നതായി കാണുന്നുണ്ട്. ''കടമ ഒന്നാമത്, രണ്ടാമത് ഭർത്താവ്'' എന്ന തത്വം ഇവർക്ക് അജ്ഞാതമാണ്. കുടുംബജോലികൾ കുടുംബനായിക യഥാസമയം നിർവഹിക്കണം. ദരിദ്രരോടും അവശരോടും അവർക്ക് അനുകമ്പ ഉണ്ടാകണം. മറ്റുള്ളവർക്ക് അവർ പാടുള്ള സഹായം നൽകുകയും വേണം.

ഭർത്താവിനെ മറ്റുള്ളവരുടെ മുമ്പിൽ ഭാര്യ ബഹുമാനിക്കയും ആദരിക്കയും ചെയ്തേതീരൂ. ഭർത്താവിന്റെ കുറ്റം കുറവുകൾ ക്ഷമയോടെ അവർ സഹിക്കണം. സന്ദർഭോചിതമായി അവർ ഭർത്താവിന്റെ ഗുണഗണങ്ങൾ പ്രകീർത്തിക്കുന്നതു നല്ലതാണ്. ഒരു നല്ല ഭാര്യയും ഭവനവും സ്വർണ്ണവും മാണിക്യവും പോലെ വിലയുള്ളതാണ്. ഭാര്യയ്ക്കു നല്ല ഭർത്താവുണ്ടെങ്കിൽ അത് അവളുടെ മുഖത്തുനിന്നറിയാം. സൽപേരു കാംക്ഷിക്കുന്ന ഭാര്യയ്ക്കു സ്വന്തം വീടുവിട്ടു കഴിയുന്നതിന് അധിക സമയം ലഭ്യമാകയില്ല. സത്യസന്ധയായ ഭാര്യയുടെ ആനന്ദം ഭർത്താവിനെയും കുട്ടികളെയും ശുശ്രൂഷിക്കുന്നതിലായിരിക്കും.

ചിന്താശകലങ്ങൾ

1) ഭാര്യയുടെ ജീവിതകഥ, സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും, മോഹത്തിന്റെയും, മോഹഭംഗത്തിന്റെയും, കദനത്തിന്റെയും, കണ്ണുനീരിന്റെയുമാണ്.

2) ഭാര്യയും, ഭർത്താവും പക്ഷിയുടെ രണ്ടു ചിറകുകളംപോലെ വർത്തിക്കണം.

3) ഭാര്യ സ്നേഹിക്കാനും, സ്നേഹിക്കപ്പെടുവാനുമുള്ള അഭിവാഞ്ചയുടെ ഇരിപ്പിടമായിരിക്കണം.

4) തകർന്നഹൃദയം ദൈവത്തിൽ അർപ്പിച്ചാൽ അത് പൂർവസ്ഥിതിയിൽ പരിപൂർണ്ണമാക്കും; പരിപൂർണ്ണഹൃദയം സ്ത്രീയിൽ അർപ്പിച്ചാൽ അത് തകർത്ത് തരിപ്പണമാക്കും.

5) സ്ത്രീകളം പണത്തിനുവേണ്ടി എന്തിനും തയ്യാറായി, സ്ത്രീത്വത്തിന്റെ ഗുണങ്ങളംക്ക് താറടിക്കയല്ലേ? തീരാകളങ്കം ചാർത്തുകയല്ലേ?

ശിശുപരിപാലനം

ഭാരതത്തിൽ ആറുവയസ്സിനുതാഴെ പതിനൊന്നുകോടി ശിശുക്കളം ഉള്ളതായികണക്കാക്കപ്പെടുന്നു. മൂന്നുകോടിയിലധികം കുട്ടികളം സ്ക്കൂളിൽപോകുന്നുമുണ്ട്. ഈ കുട്ടികളെ രാഷ്ട്രത്തിന്റെ, സഭയുടെ ശില്പികളായി എങ്ങനെ വളർത്തിയെടുക്കാം എന്നത് നമ്മുടെ മുൻപിലുള്ള ഒരുപ്രശ്നമാണ്. നമ്മുടെ കുഞ്ഞുങ്ങളാണ് രാഷ്ട്രത്തെ മുന്നോട്ടു നയിക്കേണ്ടതെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറകയുണ്ടായി. ശിശുക്കളം എന്റെ പക്കൽ വരുവാൻ അനുവദിക്കുവിൻ എന്നും, ഇവരെപ്പോലെയുള്ളവർക്കാണ് മോക്ഷഭാഗ്യമെന്നും ക്രിസ്തു അരുളിയിട്ടുമുണ്ടല്ലോ.

സ്ത്രീകളുടെ പ്രത്യേകാവകാശവും കടമയുമാണ് മാതൃത്വം. ഇത് അവരെ പലപ്പോഴും അപകടത്തിലാക്കാറുമുണ്ട്. പോഷകാഹാരം, ആരോഗ്യം, തക്കപ്രായത്തിലുള്ള ഗർഭധാരണം എന്നിവ അപകടസാധ്യതകളം ലഘൂകരിക്കുന്നു. ചെറുപ്രായത്തിലോ, കൂടെകൂടെയോ, പ്രായം കഴിഞ്ഞിട്ടോളള്ള ഗർഭധാരണം അപകട സാധ്യത വർദ്ധിപ്പിക്കുമെന്നാണ് വിദഗ്ധാഭിപ്രായം. മാതൃത്വത്തിന് ഏറ്റം പറ്റിയപ്രായം

20–നും 30–നം ഇടയ്ക്കാണെന്നാണ് ശാസ്ത്രവിധി. അംഗസംഖ്യ കുറവുള്ള കുടുംബങ്ങളിലെ കുട്ടികൾക്കാണ് കൂടുതൽ ആരോഗ്യം കാണുന്നത്. പോഷകാഹാരക്കുറവും തന്മൂലമുള്ള രോഗബാധയും കുടുംബത്തിലെ അംഗസംഖ്യ വർദ്ധിക്കുമ്പോൾ കാണുന്നുണ്ട്. ആകയാൽ ഗൃഹനാഥനു സംരക്ഷിക്കാനുള്ള ശക്തിക്ക് അതീതമായി കുട്ടികൾ വർദ്ധിക്കുന്നത് ഒരിക്കലും ആശാസ്യമല്ല.

ഭാരതത്തെപ്പോലെയുള്ള വികസ്വര രാജ്യങ്ങളിൽ ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പ്രധാനപ്രതിബന്ധം അതിവേഗത്തിലുള്ള ജനവർദ്ധനയാണെന്ന് കരുതപ്പെടുന്നു. 60 കോടി ഭാരതീയരിൽ 50% ദാരിദ്ര്യത്തിലാണ് കഴിയുന്നത്. ഇതിന് പരിഹാരം ഉണ്ടാകണം അഥവാ ഉണ്ടാക്കണം.

നമ്മുടെ മാതൃഭൂമിയെ സംബന്ധിച്ചിടത്തോളം സംരക്ഷിക്കാനുള്ള ശക്തിയിൽ കവിഞ്ഞ ജനവർദ്ധന ഉണ്ടാകുന്നുവെന്നത് ഒരു പരമാർത്ഥംതന്നെ. ജനവർദ്ധന നിയന്ത്രിക്കുന്നതിനുള്ള രാഷ്ട്രത്തിന്റെ ആഹ്വാനം സ്വാഗതാർഹമാണ്, അതിനുള്ള മാർഗ്ഗത്തെ സംബന്ധിച്ച് അഭിപ്രായാന്തരമുണ്ടെങ്കിലും മനുഷ്യത്വത്തിന്റെ പേരിൽ, വ്യക്തിമാഹാത്മ്യത്തിന്റെപേരിൽ, ഹീനമായതും, സുബുദ്ധിക്കും, മനസ്സാക്ഷിക്കും ചേരാത്തതുമായ മാർഗ്ഗങ്ങൾ സ്വീകരിക്കരുതെന്ന് മാത്രമാണ് വാദിക്കേണ്ടത്. ജനനനിയന്ത്രണം ഭാര്യാഭർത്താക്കന്മാരുടെ മൗലികമായ അവകാശമാണ്. കുടുംബത്തോടും, സമൂഹത്തോടും രാഷ്ട്രത്തോടുമുള്ള കടപ്പാട് കണക്കിലെടുത്തും തങ്ങളുടെ ജീവിതസാഹചര്യം പരിഗണിച്ചും സ്വന്തം മനസാക്ഷിയെ മുൻനിറുത്തിയും അവർക്കു ജനനനിയന്ത്രണം പാലിക്കാവുന്നതും അലർ പാലിക്കേണ്ടതുമാണ് എന്നാൽ ഇത് വ്യക്തിത്വത്തെ മാനിക്കാത്തതും, ക്രിസ്തുവിന്റെ പഠനത്തിനും, സഭയുടെ നിർദ്ദേശങ്ങൾക്കും, മനസ്സാക്ഷിക്കും എതിരായിട്ടുള്ളതുമാകാതിരിക്കാൻ ശ്രദ്ധിച്ചാൽ മതിയാകും.

ഇനിയും കുട്ടികളെ വളർത്തുന്നതിനെപ്പറ്റി ചിന്തിക്കാം. ''നൈർമ്മല്യത്തിൽ ചരിക്കുന്ന നീതിമാന് സംപൂജ്യരായ മക്കളെ പിൻഗാമികളായിട്ട് ലഭിക്കും. കുട്ടിപ്രായത്തിൽ ശരിയായ പരിശീലനംനൽകിയാൽ പ്രായമാകുമ്പോഴും അതിൽനിന്ന് വ്യതിചലിക്കില്ല.''

ശിശുവിന്റെ ജനനം മുതൽ അതിനെ സംരക്ഷിച്ച് വളർത്തി എടുക്കുന്നതിനുള്ള ഗൗരവപൂർണ്ണമായ ഉത്തരവാദിത്വം മാതാപിതാക്കന്മാരിൽ നിക്ഷിപ്തമാണ്. സംരക്ഷണത്തിനും സ്വഭാവരൂപവത്കരണത്തിനും വേണ്ടി മാതാപിതാക്കളെ ദൈവം ഏല്പിച്ചിരിക്കുന്ന നിധികളാണ് മക്കൾ. അവരെ ഉത്തമപൗരന്മാരായും ദൈവമക്കളായും വളർത്താനുള്ള ഗൗരവമേറിയ കടമയാണ് മാതാവും പിതാവും ഏറ്റെടുക്കുന്നത്.

'ചൊട്ടയിലെ ശീലം ചുടലവരെ' എന്നൊരു ചൊല്ലുണ്ടല്ലൊ. ശിശുത്തൊട്ടിമുതൽതന്നെ പരിശീലനം ആരംഭിക്കുന്നു. ഇതിലേയ്ക്കുവേണ്ട അറിവും അഭ്യസനവും മാതാവും പിതാവും നേരത്തെതന്നെ സമ്പാദിച്ചിരിക്കണം. ശിശുക്കൾ ഉരുകിയമെഴുകുപോലെയാകയാൽ, ഏതുരൂപവും മാതാപിതാക്കന്മാർക്ക് അവരിൽ ഉളവാക്കാൻ കഴിയും; വിശിഷ്ടരൂപങ്ങൾ അവർക്കുനല്കാൻ സാധിക്കും. അവരുടെ പരിശീലനവും സ്വഭാവ രൂപവത്കരണവും ശൈശവത്തിൽ വേണ്ടന്ന്വക്കാൻ പാടില്ല. കാരണം കാമറാ പ്ലെയിററിൽ പ്രകാശം പ്രതിബിംബിക്കുന്നതുപോലെ തന്നെയാണ് ശിശുക്കളിലും സംഭവിക്കുന്നത്. പ്ലെയിററ് തെളിച്ചു വികസിപ്പിച്ചശേഷമേ അത് വ്യക്തമായി കാണുകയുള്ളു. ഇപ്രകാരംതന്നെ ശിശുക്കളിലും സംഭവിക്കും. അയോഗ്യമോ അവിഹിതമോ ആയതൊന്നും മാതാപിതാക്കൾ ശിശുക്കളുടെ മുമ്പിൽവച്ച് പറയുകയോ ചെയ്യുകയോ അരുത്. അവരുടെ വാക്കുകളും പ്രവർത്തികളും ശിശുക്കളുടെ മനസ്സിൽപതിയുകയും, ബാല്യപ്രായമാകുമ്പോൾ അവയെല്ലാം അവ

രിൽ തെളിഞ്ഞുവരികയും ചെയ്യും. കുട്ടികളിൽ സ്വാഭാവികമായി കണ്ടുവരുന്ന ശീലമാണ് അനുകരണം. കുട്ടികളുടെ മനസ്സ് ഏറ്റവും സൂക്ഷ്മ വേദിയാകയാൽ നന്മയ്ക്കും തിന്മയ്ക്കും അതിനെ എളുപ്പത്തിൽ സ്വാധീനിക്കാം. ആരംഭകാലത്തിൽ നൽകുന്ന പരിശീലനത്തെ ആശ്രയിച്ചാണ് പിൽക്കാലഫലം സ്ഥിതി ചെയ്യുന്നത്. ബുദ്ധിയുടെ പ്രയോഗം തുടങ്ങുന്നതിനുമുമ്പുതന്നെ കുട്ടികളിൽ ഒരോ തരം തഴക്കങ്ങളും ഉണ്ടാകുന്നുണ്ട്. അവയുടെ നന്മതിന്മകളെ മാതാപിതാക്കന്മാർ പരിശീലിപ്പിക്കുന്നതിനനുസൃതമായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതായിട്ടില്ല.

അഞ്ചുവയസ്സുവരെയുള്ള പ്രായത്തിൽ സാഹചര്യം, അഭ്യസനം, സ്വാധീനം ഇവ കുട്ടിയിൽ പ്രേരണ ചെലുത്തുന്നതിനാൽ പ്രത്യേകം ശ്രദ്ധയുണ്ടാകണം. വ്യക്തിത്വം, സ്വഭാവം എന്നിവ സംബന്ധിച്ച പ്രത്യേകതകളും ഇക്കാലത്താണ് അങ്കുരിക്കുന്നത്. മാതാപിതാക്കന്മാർ പ്രകൃതിപൂർവം പ്രവർത്തിക്കുന്നത് കുട്ടി കാണുന്നെങ്കിൽ, അറിവുണ്ടാകുന്നതിനു മുമ്പുതന്നെ ബഹുമാനത്തിന്റെയും, പ്രകൃതിയുടെയും, സംസ്കാരജന്യമായ ഫലം കുട്ടിയിൽ സംജാതമാകും. കുട്ടി തെറ്റുചെയ്യുമ്പോൾ ഗൗരവമുള്ള നോട്ടംകൊണ്ട് തിരുത്താം, നല്ലതു ചെയ്യുമ്പോൾ താലോലിക്കയും ചുംബിക്കയും ചെയ്യാം.

വളർച്ചയ്ക്കനുസരണമായി കുട്ടിയുടെ ബുദ്ധിയും വികസിച്ചു തുടങ്ങും. അപ്പോൾ കുട്ടി ജിജ്ഞാസുവായിത്തീരും. കാണുന്നതുകൊണ്ടു മാത്രം തൃപ്തിപ്പെടാതെ അനേകം ചോദ്യങ്ങൾ ചോദിക്കും. എന്ത്, എങ്ങിനെ, എന്തുകൊണ്ട് എന്നെല്ലാം കുട്ടിക്ക് അറിയണം. ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിൽ മാതാപിതാക്കൾ സന്തോഷം പ്രകടിപ്പിക്കേണ്ടതാണ്. ഇങ്ങനെ കുട്ടിയുടെ മനസ്സും ബുദ്ധിയും പരിപോഷിപ്പിക്കുന്നതിന് ശ്രദ്ധിക്കണം. കഥകൾ കേൾക്കുന്നതിൽ കുട്ടികൾ അതീവ തല്പരരാണ്. നല്ല ഗുണപാഠങ്ങൾ ഉള്ള ചെറുകഥകൾ പറഞ്ഞു കേൾപ്പിക്കുന്ന

ത്ത് ഉപകാരപ്രദമാണ്. ഭയപ്പെടുത്തുന്ന കഥകളും, പ്രത്യേകിച്ച് പിശാചിന്റെയും, ഭൂതത്തിന്റെയും, കഥകളും ഒരിക്കലും പറയരുത്. പ്രായമായാലും മായാത്ത ഭീരുത്വം അത് കുട്ടിയിൽ ഉളവാക്കും. മാതാപിതാക്കളെ അനുകരിക്കുന്നതിന് പ്രേരിപ്പിച്ചാൽ അത് പരസ്പരം ഉണ്ടാകേണ്ട സ്നേഹബഹുമാനത്തിന് അടിത്തറ പാകുന്നതിനുപകരിക്കും. കുട്ടി ഉറങ്ങുന്നതിനുമുമ്പ് സദുപദേശങ്ങളും സാരോപദേശകഥകളും സ്നേഹപുരസരം പറഞ്ഞ് വാത്സല്യപൂർവം ഉറക്കുന്നതും പിന്നീടു ഗുണകരമായി അനുഭവപ്പെടാതിരിക്കയില്ല.

അനുസരണത്തിന്റെ ചൈതന്യം കുട്ടികളിൽ ഉളവാക്കുവാനും രൂഢമൂലമാക്കുവാനും മാതാപിതാക്കൾ ശ്രദ്ധാലുക്കളാകണം. ഈ അടിസ്ഥാനത്തിലായിരിക്കണം വ്യക്തിത്വവും സത്സ്വഭാവവും പണിതുയർത്തേണ്ടത്. മാതാപിതാക്കളുടെ അഭീഷ്ടത്തിനും നിർദ്ദേശത്തിനും വഴങ്ങാൻ കുട്ടിയെ അഭ്യസിപ്പിക്കണം. ആജ്ഞകളും, നിർദ്ദേശങ്ങളും വിവേകത്തോടുകൂടിയവയും കുട്ടിയുടെ അറിവിനും പ്രായത്തിനും കഴിവിനും തക്കവിധത്തിലുള്ളവയുമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്: കല്പനകളും പരിമിതങ്ങളും കുട്ടിയുടെ കഴിവിൽ ഒതുങ്ങുന്നവയുമായിരിക്കണം. താഴ്ന്ന സ്വരത്തിൽ സൗമ്യമായും ശാന്തമായും കല്പനകൾ നല്കുന്നതാണ് ആശാസ്യം. അതനുസരിക്കാൻ മടികാട്ടുന്ന സന്ദർഭങ്ങളിൽ വാത്സല്യവും സ്നേഹവും ദയയും മാറിവെച്ച് യഥാർത്ഥ സ്നേഹത്തിന്റെ വേദനാജനകമായ കടമകൾ നിർവഹിക്കാൻ നിർബന്ധിതരായി തീരുന്നെങ്കിൽ ഒട്ടും അതിൽ കുണ്ഠിതപ്പെടേണ്ടതായിട്ടില്ല. കുട്ടി കരയുകയും ചാടുകയും ചെയ്താലും മാതാപിതാക്കൾ ഉറച്ചുതന്നെ നില്ക്കണം. മധുരസാധനങ്ങൾ കൊടുത്ത് അനുസരിക്കാൻ പ്രേരിപ്പിക്കരുത്. അനുസരണത്തിന്റെ ചൈതന്യം സ്ഥാപിച്ചുകഴിഞ്ഞാൽ പിന്നീടുള്ള പരിശീലനം എളുപ്പമായിരിക്കും.

പിതാവിന്റെ വാക്ക് പുത്രനു പ്രമാണമാണല്ലൊ. അതിനാലാണു്, അതു് എന്റെ പിതാവിന്റെ ആഗ്രഹമാകയാൽ ഞാൻ അതു നിറവേറ്റും എന്നു് പലരും പറയുന്നതു്. ഇത്തരം പ്രസ്താവങ്ങളും നാം പലപ്പോഴും കേൾക്കാറുള്ളതാണല്ലൊ. മക്കളോടുള്ള പെരുമാറ്റത്തിൽ മാതാപിതാക്കളും സത്യസന്ധരായിരിക്കണം; നിറവേറ്റാൻ ഉദ്ദേശിക്കാത്ത കാര്യങ്ങളും നിർവഹിച്ചുകൊള്ളാമെന്നു് ഒരിക്കലും അവർക്കു വാക്കുകൊടുക്കരുതു്. എല്ലാവർക്കും തെറ്റുപറ്റാമെന്നു് മാതാപിതാക്കളും കുട്ടികളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുന്നതു ഗുണകരമായേ പരിണമിക്കൂ. തെറ്റുകളും കാണിച്ചുകൊടുത്താൽ തിരുത്താൻ നല്ല കുട്ടികളും സന്നദ്ധരായിരിക്കും. ദീനദയാലുത്വവും അവശരോടുള്ള അനുകമ്പയും ചെറുപ്രായത്തിൽതന്നെ കുട്ടികളിൽ അങ്കുരിപ്പിക്കാൻ പരിശ്രമിക്കേണ്ടതാണു്. ഈ വിഷയത്തിൽ മാതാപിതാക്കളും നല്ല മാതൃക നലുകയും വേണം. അനുകമ്പയും ദയയുമുള്ളവരെ ദൈവം അനുഗ്രഹിക്കുമെന്ന കാര്യം കുട്ടികളെ ബോദ്ധ്യപ്പെടുത്താൻ ശ്രമിക്കുന്നതു് അഭികാമ്യമായിരിക്കും. ഭക്ഷണസാധനങ്ങളും മിച്ചിച്ചും, പോക്കറ്റുമണി സൂക്ഷിച്ചും സാധുക്കളെ സഹായിക്കുന്നതിനു് മക്കളെ പരിശീലിപ്പിക്കേണ്ടതാണു്. ലഭിക്കുന്നതുകൊണ്ടു് തൃപ്തരാകാനും, ഒന്നിലും അമിതമായ ആഗ്രഹം ഉണ്ടാകാതിരിക്കാനും അവരെ പരിശീലിപ്പിക്കണം. ഉപയോഗത്തിനു നൽകുന്ന വസ്തുക്കളും കേടുകൂടാതെയും നഷ്ടപ്പെടാതെയും സൂക്ഷിക്കുന്നതിനു അവരെ അഭ്യസിപ്പിച്ചേ മതിയാകൂ. സഹോദരങ്ങളേയും മറ്റും ഉപദ്രവിക്കുന്നതിൽനിന്നു് കുട്ടികളെ കർശനമായി പിൻതിരിപ്പിക്കേണ്ടതാണു്. വിഹിതമല്ലാത്തതൊന്നും കുട്ടികളും കാണാതെയും അറിയാതെയും ഇരിക്കാൻ മാതാപിതാക്കളും പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം.

നല്ല തഴക്കങ്ങളും, സുകൃതങ്ങളുമായ വിത്തുകളും ബാലമനസ്സിൽ വിതച്ചാൽ അവ മുളച്ചു് വളർന്നു് പുഷ്പിച്ചു് തക്ക കാലത്തു നല്ല ഫലങ്ങളും പുറപ്പെടുവി

ക്കാതെയിരിക്കയില്ല. വസ്ത്രധാരണത്തിലും മറ്റും വിനയവും അടക്കവും ഉണ്ടാകത്തക്ക ആദർശങ്ങളെ ചെറുപ്പത്തിൽതന്നെ നൽകിയാലെ ഉദ്ദേശിച്ച ഗുണമുണ്ടാകുകയുള്ളു.

വിനയവും അടക്കവും ശുദ്ധതയെ കാത്തുസൂക്ഷിക്കുന്നതിന് സഹായകമാണെന്നകാര്യം സ്മരണീയമത്രെ. ബാലികാബാലന്മാരുടെ വിനയത്തോടുകൂടിയ വസ്ത്രധാരണം ദൈവത്തിനും മനുഷ്യർക്കും പ്രിയംകരമാണ്. വസ്ത്രാഭരണങ്ങളിൽ മക്കൾക്ക് ഭ്രമം ഉണ്ടാകാതെ ശ്രദ്ധിക്കുന്നത് ഭാവിയിൽ ഗുണകരമായിതീരുമെന്നതിൽ സന്ദേഹമില്ല.

കുട്ടികളെ സ്കൂളിൽ അയച്ചുകഴിഞ്ഞാലും പഠനത്തെയും ജീവിതരീതിയെയും മറ്റും സംബന്ധിച്ച് മാതാപിതാക്കൾ പ്രത്യേകം ജാഗരൂകരായിരിക്കേണ്ടതാണ്. അദ്ധ്യാപകരോടും സ്കൂൾ അധികൃതരോടും സമ്പർക്കം പുലർത്തി കുട്ടികളുടെ നടപടിയെയും പഠനത്തെയും സംബന്ധിച്ചുള്ള വിവരങ്ങൾ അപ്പോഴപ്പോൾ അറിഞ്ഞുകൊണ്ടിരിക്കുന്നത് ശ്രേയസ്കരമായിരിക്കും. ചെറുപ്പത്തിൽ മറ്റു ഭാഷകൾ പഠിക്കുന്നതിന് എളുപ്പമുള്ളതുകൊണ്ട് അതിനു വേണ്ട പ്രോത്സാഹനം നൽകുന്നതും ഉത്തമമാണ്. ഒരു കുടുംബത്തിലെ കുട്ടികൾ ഏകദേശം ഒരേ സ്വഭാവക്കാരായിരിക്കുമെങ്കിലും, അവരുടെ വാസനകളും, കഴിവുകളും ഏറക്കുറെ വ്യത്യസ്തങ്ങളായിരിക്കും. ഓരോരുത്തന്റെയും അഭിരുചിക്കനുസരണമായി വാസന മനസ്സിലാക്കി പ്രോത്സാഹിപ്പിക്കുന്നതിന് മാതാപിതാക്കൾ ബാദ്ധ്യസ്ഥരാണ്. തങ്ങളുടെ സമ്പത്ത് മക്കളാണെന്ന് ബോധ്യപ്പെട്ട് അവരുടെയും കുടുംബത്തിന്റെയും ക്ഷേമൈശ്വര്യങ്ങൾക്കുവേണ്ടി അവർ സകല കഴിവുകളും വിനിയോഗിക്കണം. തങ്ങളുടെസന്താനങ്ങളെ ഉത്തമ പൗരന്മാരാക്കുന്നതിന് മാതാപിതാക്കൾക്ക് സാധിച്ചാൽ അവർ രാഷ്ട്രത്തിനും. സഭയ്ക്കും, സമുദായത്തിനും ഒരു വലിയ മുതൽക്കൂട്ടായിരിക്കുമെന്നതിൽ സംശയമില്ല. അതോടുകൂടി മാ

താപിതാക്കൻമ്മാർ തങ്ങളുടെ കടമ യഥാവിധി നിറവേറ്റി എന്ന സംതൃപ്തിക്ക് അവകാശമുണ്ടാവുകയും ചെയ്യും.

ചിന്താശകലങ്ങൾ

1) ഒരു സൽഗുണവതിയായ മാതാവ് നൂറു അദ്ധ്യാപകരെക്കാൾ വിലയുള്ളവളാണ്.

2) നേഴ്സറിയിലെ പരിശീലനം കാര്യപ്പെട്ട ഒന്നായി കരുതണം.

3) വിദ്യാഭ്യാസം മാതാവിന്റെ മടിയിൽ ആരംഭിക്കുന്നു. കേൾക്കുന്ന ഓരോ വാക്കും, ശിശുവിന്റെ സ്വഭാവ രൂപവത്ക്കരണത്തിന് ഉപകരിക്കുന്നു.

4) ശൈശവത്തിൽ ലഭിക്കുന്ന ആശയങ്ങൾ നിലനിൽക്കുന്നു.


5) ശിശുവിന്റെ പ്രഥമപാഠം അനുസരണമായിരിക്കണം.

6) പുരുഷൻ സദാ കുട്ടിയും; കുട്ടി, പുരുഷനും മനുഷ്യനും.

വിവാഹഉടമ്പടി

ഇന്നു മുതൽ മരണംവരെ
സന്തോഷത്തിലും സന്താപത്തിലും
സമ്പത്തിലും ദാരിദ്ര്യത്തിലും
ആരോഗ്യത്തിലും രോഗത്തിലും
പരസ്പരം സ്നേഹത്തോടും
വിശ്വസ്തതയോടും കൂടെ
ഏകമനസ്സായി ജീവിച്ചുകൊള്ളാമെന്ന്
ഞങ്ങൾ വാഗ്ദാനംചെയ്യുന്നു.
ഞങ്ങളുടെ ഈ വാഗ്ദാനം
പരിശുദ്ധമായ ഈ നിമിഷത്തിൽ
വിശുദ്ധഗ്രന്ഥം സാക്ഷിയാക്കി
ദൈവത്തിനു ഞങ്ങൾ സമർപ്പിക്കുന്നു.

ACHARYA PALACKAL JEEVASSRAM LIBRARY
10486



സംതൃപ്തകുടുംബം

ഫാ. വലേരിയൻ പ്ലാത്തോട്ടം, സി.എം.ഐ.

സമൂഹത്തിന്റെ ആണിക്കല്ലാണ കുടുംബമെന്ന പറയാറുണ്ടെങ്കിലും അർഹിക്കുന്ന പരിഗണന കുടുംബജീവിതത്തിനു ലഭിക്കുന്നുണ്ടോയെന്ന സംശയിക്കേണ്ടിയിരിക്കുന്നു. മറേറതൊരു ജീവിത രംഗത്തേയ്ക്കും കാലുകുത്തുന്നതിനു മുമ്പു പരിശീലനം നല്കാറുണ്ട്— ചിലപ്പോഴം സുദീർഘമായിത്തന്നെ. എന്നാൽ വൈവാഹികജീവിതം ആർക്കും യാതൊരു ഒരുക്കവും കൂടാതെ പ്രവേശിക്കാവുന്ന ഒന്നായി മാറിയിരിക്കുകയാണ്. ഒരു കുടുംബത്തിന്റെ അംഗമായി ജീവിച്ചതുകൊണ്ടുമാത്രം കുടുംബജീവിതത്തിന്റെ എല്ലാ വശങ്ങളും പഠിച്ചിരിക്കുമെന്നാണ പലരുടെയും ധാരണ. ഈ ചിന്താഗതി അബദ്ധ ജടിലമാണെന്നാണ ഫാ. വലേരിയന്റെ ഈ ഗ്രന്ഥം വിളിച്ചറിയിക്കുന്നത്. സന്തുഷ്ടമായ ഒരു കുടുംബ ജീവിതം നയിക്കേണ്ടതിനു് അവശ്യംവേണ്ട വഴികാട്ടിയാണു് ഈ ഗ്രന്ഥം. ഏകദേശം അരനൂറാണ്ടു നീണ്ടുനില്ക്കുന്ന തന്റെ പൗരോഹിത്യജീവിതത്തിൽ വിവാഹിതരുടെ ധ്യാനങ്ങളം നടത്തുകയും, അവരുടെ പ്രശ്നങ്ങളിലും, സ്വപ്നങ്ങളിലും പങ്കുകൊള്ളുകയും ചെയ്തിട്ടുള്ള ഫാ. വലേരിയൻ, ഈകൃതിവഴി എല്ലാ കുടുംബങ്ങളുടെയും ഒരു മിത്രമായിത്തീർന്നിരിക്കുന്നു.

വില 2. 00

വിതരണം

ജനതാ ബുക്ക് സ്റ്റാൾ

തേവര—എറണാകുളം—ആലുവ